**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ–സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 9, തിങ്കൾ

നിയമസഭ രാവിലെ 8–30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

കേന്ദ്ര ഗവണ്മെന്റ് പകുതിച്ചെലവ് വഹിക്കുന്ന ചികിത്സാസഹായ പദ്ധതിയിലെ ആനുകൂല്യം നിഷേധിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: കേന്ദ്ര ഗവണ്മെന്റ് പകുതിച്ചെലവ് വഹിക്കുന്ന പാവപ്പെട്ടവർക്കുവേണ്ടിയുള്ള ചികിത്സാസഹായ പദ്ധതിയിൽനിന്നുള്ള സാമ്പത്തിക സഹായം 50 വയസ്സിന് മുകളിലുള്ളവർക്ക് കൊടുക്കേണ്ട തില്ലെന്ന് ആ പദ്ധതി സംബന്ധിച്ച ഗവേണിംഗ് കൗൺസിൽ ബന്ധപ്പെട്ട ഹെൽത്ത് സർവ്വീസസ് അധികൃതർക്ക് വാക്കാൽ നിർദ്ദേശം നൽകിയതിനെ ത്തുടർന്ന് പ്രസ്തുത സഹായം നിർത്തിവച്ചിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, തോമസ്

ചാഴികാടൻ, സി.ടി. അഹമ്മദ് അലി, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): വളരെ മാരകമായ രോഗം പിടിപെട്ട് ഓപ്പറേഷന് വിധേയരാകേണ്ടിവരുന്ന ദുർബ്ബല ജനവിഭാഗങ്ങളിൽപ്പെടുന്നവർക്ക് ഒരു നിശ്ചിത ശതമാനം തുക മെഡിക്കൽ കോളേജ് ഹോസ്പിറ്റലുകൾ, ആർ.സി.സി., ശ്രീചിത്രാ തുടങ്ങിയ സ്ഥാപനങ്ങളിലൂടെമാത്രം നൽകിവരുന്ന ഇൻഡ്യാ ഗവണ്മെന്റിന്റെ വളരെ പ്രധാനപ്പെട്ട സ്കീമാണ് Society for Medical Assistance to the Poor. ആരോഗ്യ വകുപ്പുമന്ത്രി ചെയർമാനും ആരോഗ്യ വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായി രജിസ്റ്റർ ചെയ്യപ്പെട്ട ഈ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി യോഗം ജൂൺ മാസത്തിൽ ചേരുകയുണ്ടായി. ഹാർട്ട്, ബ്രെയിൻ, കിഡ്നി സർജറികൾക്കും ക്യാൻസർ ചികിത്സയ്ക്കും മാത്രമായി ധനസഹായം നൽകുന്ന ഒരു സ്കീമാണിത്. പ്രത്യേക ഫാറത്തിൽ എഴുതി മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ അറ്റസ്റ്റേഷൻ ഉണ്ടെങ്കിൽ മാത്രമേ ധനസഹായം നൽകാൻ കഴിയുകയുള്ളു. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് തീർപ്പാക്കാതെ കിടന്ന 5000–ലധികം അപേക്ഷകളിന്മേൽ എത്രയും പെട്ടെന്ന് തീരുമാനമെടുക്കണമെന്ന് ഈ സർക്കാർ തീരുമാനിക്കുകയും മുൻഗണനാക്രമം നിശ്ചയിച്ച് 706 പേർക്ക് നിലവിലുള്ള തുക നൽകാൻ നടപടിയെടുക്കുകയും ചെയ്തു. പിന്നോക്ക ജില്ലകളിൽനിന്നുള്ളവർക്കും പ്രയോജനം ലഭിക്കത്തക്ക നിലയിൽ ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, ബ്രെയിൻ സർജറി എന്നിവയുമായി ബന്ധപ്പെട്ട രോഗികളുടെ അപേക്ഷകൾ സോർട്ട് ചെയ്ത് മരിച്ചുപോകാനിടയുള്ളതും

കുടുംബത്തിന്റെ അത്താണിയായ ആളുകൾക്കും പരിഗണന നൽകിക്കൊണ്ട് മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 50 വയസ്സിന് മുകളിലുള്ള രോഗികൾക്ക് ധനസഹായം നൽകേണ്ടതില്ല എന്ന തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല. 50 വയസ്സിന് മുകളിലുള്ളവരുടേതുൾപ്പെടെ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും പരിഗണിക്കണമെന്നും ഗവേണിംഗ് ബോഡിയിൽ വയ്ക്കണമെന്നും ഡി.എച്ച്.എസ്–ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പകർച്ചവ്യാധി പിടിപെടുന്നവർക്ക് നൽകുന്ന ധനസഹായമല്ല. ഇത്തരത്തിൽ തെറ്റിദ്ധാരണാജനകമായ വാർത്ത പ്രചരിപ്പിക്കുന്നത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. മുൻഗണനാക്രമത്തിലല്ലാതെ യു.ഡി.എഫ്. സർക്കാർ നൽകിയ 60,000 രൂപ രോഗികൾ മരണമടഞ്ഞതിനെത്തുടർന്ന് തിരികെ ലഭിച്ചിരിക്കുകയാണ്. ആ തുകയും പ്രയോറിറ്റി നിശ്ചയിച്ച് ഇതോടൊപ്പം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഒരു കോടി രൂപ സംസ്ഥാന ഗവൺമെന്റ് സൊസൈറ്റിക്ക് നൽകുമ്പോൾ 50 ലക്ഷം രൂപ ഗവൺമെന്റ് ഓഫ് ഇൻഡ്യ തരും. കേരളത്തിലെ ജനങ്ങൾക്കു കൊടുക്കാൻ ഒന്നരക്കോടി രൂപ തികയുകയില്ല. 50 വയസ്സ് കഴിഞ്ഞവർക്ക് കൊടുക്കാൻ പാടില്ല എന്ന് നിർദ്ദേശമുണ്ടെന്ന് പ്രചരിപ്പിക്കുന്നതുകൊണ്ടുള്ള രാഷ്ട്രീയ പ്രത്യാഘാതം ചെറുതല്ല. ഏതായാലും ഇനിയും കൂടുതൽ തുക 'Medical Assistance to the Poor' എന്ന സ്കീമിലേയ്ക്ക് കേരളത്തിൽനിന്നും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും, മറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും ബാങ്കുകൾക്കും കൊടുക്കാം. അങ്ങനെ കൊടുത്തുകഴിഞ്ഞാൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു ലക്ഷം രൂപ ചെലവായാൽ അത് കൊടുക്കാൻ സാധിക്കും. അത് ഗവൺമെന്റ് സ്ഥാപന

ത്തിലേയ്ക്കാണ് പോകുന്നത്. പാവപ്പെട്ടവർക്ക് വലിയ അനുഗ്രഹവുമായിരിക്കും. ഇൻകം ടാക്സ് എക്സംപ്ഷൻ അടക്കമുള്ള സ്കീം എന്ന നിലയിൽ പാവപ്പെട്ടവർക്ക് ഹൃദയം, കിഡ്നി, ബ്രെയിൻ മുതലായവയുടെ ശസ്ത്രക്രിയയ്ക്ക് മെഡിക്കൽ കോളേജ്, ആർ.സി.സി. ശ്രീചിത്ര ഇവയിലൂടെ ഈ തുക കൊടുക്കാം. ഇത് അടിയന്തിര പ്രശ്നമുള്ള കാര്യമല്ല; ഇതേക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വളരെ ഗൗരവതരമായ ഒരു പ്രശ്നമാണിത്. ഈ സ്കീമനുസരിച്ച് പണം കൊടുക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ആശുപത്രിയിൽനിന്ന് എസ്റ്റിമേറ്റ് എടുപ്പിക്കും. ആ എസ്റ്റിമേറ്റിന്റെ 75% അല്ലെങ്കിൽ മാക്സിമം 25000 രൂപ അല്ലെങ്കിൽ 20,000 രൂപ ആണ് കൊടുക്കുക. മുൻ ഗവൺമെന്റ് ഇങ്ങനെ ചെയ്തു എന്ന മട്ടിൽ പറയുന്നത് ശരിയല്ല. കഴിഞ്ഞ ഗവൺമെന്റ് ഗവേണിംഗ് കൗൺസിൽ കൂടി തീരുമാനമെടുത്ത് വയനാട്ടിലും കാസർഗോഡുമായി 700 ആളുകൾക്ക് ഈ സഹായം കൊടുത്തിട്ടുണ്ട്. മെഡിക്കൽ കോളേജിലും ആർ.സി.സി.യിലും ശ്രീചിത്രയിലും ഹൃദയശസ്ത്രക്രിയ, ക്യാൻസർ ചികിത്സ, കിഡ്നി ശസ്ത്രക്രിയ തുടങ്ങിയവയ്ക്കാണ് ഈ സഹായം കിട്ടുന്നത്. ഇതേവരെ 1800 ആളുകൾക്ക് ധനസഹായം കൊടുത്തിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രി ചെയർപേഴ്സൺ ആയ ഗവേണിംഗ് ബോഡി യോഗത്തിൽ ജൂൺ 29-ന് എടുത്ത തീരുമാനം 50 വയസ്സ് കഴിഞ്ഞ ആളുകളുടെ അപേക്ഷ ഇപ്പോൾ സ്വീകരിക്കുന്നില്ലെന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഇവിടെ പറഞ്ഞത് ശരിയാണെങ്കിൽ ഈ അപേക്ഷ സ്വീകരിച്ചുകൊണ്ട് പണം കൊടുക്കേണ്ടതാണ്. മലബാർ പ്രദേശങ്ങളിൽ ഒന്നും കൊടുക്കാത്തതുകൊണ്ട് 50 വയസ്സിന് താഴെയുള്ളവർക്ക് പരിഗണന കൊടുക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതാണ്

പ്രശ്നം. 50 വയസ്സു കഴിഞ്ഞവർക്ക് കൊടുക്കണ്ട എന്നു പറഞ്ഞിട്ടില്ല എന്ന് ഇപ്പോൾ പറയുന്നു. കോൺട്രഡിക്ടറിയായ സ്റ്റേറ്റ്മെന്റാണ് ഇവിടെ നടത്തിയിട്ടുള്ളത്. ഗവൺമെന്റ് കണ്ടിന്യൂയിംഗ് ബോഡിയായതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് ചെയ്തത് ഈ ഗവൺമെന്റ് തുടർന്നു പോകേണ്ടിവരും. ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരും സാധുക്കളുമായ ആളുകൾക്ക് ഓപ്പറേഷൻ വേണ്ടിവന്നാൽ അതിനുള്ള ഏക അവലംബം ഈ സൊസൈറ്റി കൊടുക്കുന്ന സഹായമാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് 50 വയസ്സിനു മുകളിലുള്ളവർക്കും ധനസഹായത്തിനുള്ള അപേക്ഷ നൽകാമെന്നുള്ള പ്രഖ്യാപനം വകുപ്പുമന്ത്രിയിൽനിന്നുമുണ്ടാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):</u> ചികിത്സാ ധനസഹായത്തിനായി ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര, ആർ.സി.സി. എന്നിവിടങ്ങളിൽനിന്നും ലഭിക്കുന്ന എല്ലാ അപേക്ഷകളും സ്വീകരിക്കുകയും ഗവേണിംഗ് ബോഡിയിൽവച്ച് പരിഗണിക്കുകയും ചെയ്യുന്നതാണ്. ഒരു കാരണവശാലും 50 വയസ്സിന് മുകളിലുള്ള ആളുകൾക്ക് ചികിത്സാ ധനസഹായം കൊടുക്കുകയില്ലെന്നുള്ള ഉത്തരവോ തീരുമാനമോ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെയോ ഗവേണിംഗ് ബോഡിയുടെയോ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഈ സ്കീം പ്രകാരം തീർപ്പാക്കാതെ കിടന്ന 5000 അപേക്ഷകളിൽ 706 പേർക്ക് മുൻഗണനാക്രമം നിശ്ചയിച്ച് എത്രയും പെട്ടെന്ന് ധനസഹായം കൊടുക്കണമെന്നുള്ള തീരുമാനമാണ് എടുത്തിട്ടുള്ളത്. ഏതെങ്കിലും കാരണവശാൽ എവിടെയെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും നിഷേധാത്മകമായ സമീപനമുണ്ടായിട്ടുണ്ടെങ്കിൽ അത് തിരുത്താൻ തയ്യാറാണ്. അപേക്ഷകൾ സ്വീകരി

ക്കുന്നതിന് ഡി.എച്ച്.എസ്-ന് കർശനമായ നിർദ്ദേശം കൊടുക്കാം. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല

(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**ശ്രദ്ധക്ഷണിക്കൽ**

(1) കേരളത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾ

ശ്രീ. സി.പി. മുഹമ്മദ്: കേരളത്തെ സംബന്ധിച്ചിടത്തോളം ചിക്കുൻ ഗുനിയ രോഗം വ്യാപകമായി പടർന്നുപിടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ പരിസ്ഥിതി മലിനീകരണ പ്രശ്നം വളരെ ഗൗരവമായി എടുക്കേണ്ടതുണ്ട്. ഖരമാലിന്യങ്ങളുടെ നിക്ഷേപവും വാഹനങ്ങളിൽനിന്നും വ്യവസായശാലകളിൽനിന്നുമുണ്ടാകുന്ന വിഷവാതകവും എൻഡോസൾഫാൻ അടക്കമുള്ള മാരകമായ കീടനാശിനികളുടെയും രാസവളങ്ങളുടെയും ഉപയോഗവും പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ നിക്ഷേപിച്ച് നദികൾ മലിനമാക്കപ്പെടുന്നതും ശബ്ദ മലിനീകരണവുമൊക്കെ പരിസ്ഥിതി മലിനീകരണ പ്രശ്നമുണ്ടാക്കുന്നു. ഇതൊക്കെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നിയന്ത്രണത്തിൽ വരുന്നതായതിനാൽ പരിസ്ഥിതി വകുപ്പിന് കാര്യക്ഷമമായി പ്രവർത്തി ക്കുന്നതിന് കഴിയുന്നില്ല. 1972 മുതൽ വിവിധ ഘട്ടങ്ങളിൽ നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ടെങ്കിലും പരിസ്ഥിതി നിയമങ്ങൾ ഏറെയും ലംഘിക്കപ്പെടുകയാണ്. കേരളത്തിലെ നദികളും ജലാശയങ്ങളും രോഗസംക്രമണ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിൽ പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങൾ

വരുന്നതിനാൽ ഒരു വകുപ്പും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല എന്നുള്ള വസ്തുത കണക്കിലെടുത്ത് ഇതെല്ലാം പരിസ്ഥിതി വകുപ്പിൻകീഴിൽ കൊണ്ടുവന്ന് അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. വിവിധ നിയമങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു സമഗ്ര പരിസ്ഥിതി നിയമം കൊണ്ടുവരണം. പരിസ്ഥിതി സംരക്ഷണം സ്ക്കൂൾ തലം മുതൽ കോളേജ് തലം വരെ പാഠ്യവിഷയമാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ സംസ്ക്കരണ പദ്ധതി ആരംഭിക്കണം. ആശുപത്രികൾ, വ്യാപാര സ്ഥാപനങ്ങൾ, അറവുശാലകൾ മുതലായവയ്ക്ക് ലൈസൻസ് നൽകുമ്പോൾ മാലിന്യ സംസ്ക്കരണം പ്രധാന നിബന്ധനയാക്കണം. മോട്ടോർ വാഹന ങ്ങളിൽനിന്നുള്ള പുക അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്നതിനാൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണം. കീടനാശിനി കളുടെയും രാസവളങ്ങളുടെയും ദോഷഫലങ്ങൾ ഇല്ലാതാക്കുന്നതിന് അത്തരത്തിലുള്ള വളങ്ങളും കീടനാശിനികളും കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണങ്ങൾ നടത്തുകയും ദോഷകരമായിട്ടുള്ള കീടനാശിനികൾ നിരോധിക്കുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. നദികളും ജലാശയങ്ങളും മാലിന്യവിമുക്തമാക്കുവാനും വ്യവസായങ്ങൾ സൃഷ്ടി ക്കുന്ന മലിനീകരണം തടയുവാനും മാരകമായ വിഷവാതകങ്ങൾ പുറത്തുവിടുന്ന വ്യവസായശാലകൾക്ക് ലൈസൻസ് കൊടുക്കാതിരി ക്കുവാനും ഇറിഗേഷൻ വകുപ്പും വ്യവസായ വകുപ്പും പ്രത്യേകം ശ്രദ്ധിക്കണം. കാടിനെയും കാടിന്റെ ആവാസവ്യവസ്ഥയേയും ജൈവ വൈവിദ്ധ്യത്തേയും നശിപ്പിക്കുന്ന രീതിയിൽ എക്കോ ടൂറിസം മാറിക്കൊണ്ടിരിക്കുന്നതിനാൽ ടൂറിസം വകുപ്പ് കൂടുതൽ ശ്രദ്ധപതിപ്പിക്കണം. എല്ലാ നിയമങ്ങളുടെയും നല്ല ഭാഗങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമഗ്രമായ

ഒരു പരിസ്ഥിതി നിയമമുണ്ടാക്കുകയും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യണം. മലിനീകരണ നിയന്ത്രണ ബോർഡ് അടിയന്തിര മായി പുന:സംഘടിപ്പിച്ച് അവർക്കാവശ്യമായ സ്റ്റാഫും ഫണ്ടും നല്കി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതുവേയും ആലപ്പുഴ ജില്ലയിൽ പ്രത്യേകിച്ച് ചേർത്തല താലൂക്കിലും ചിക്കുൻ ഗുനിയ പടർന്നുപിടിച്ച സാഹചര്യത്തിൽ മാലിന്യ പ്രശ്നം ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമായി തീർന്നിരിക്കുന്നു. വ്യക്തി ശുചിത്വത്തിന് പ്രാധാന്യം കല്പിക്കുന്ന കേരളീയ ജനത സാമൂഹ്യ ശുചിത്വത്തിന്റെ കാര്യത്തിൽ താല്പര്യം കാണിക്കുന്നില്ല. പൊതു സ്ഥലങ്ങളിലും മറ്റുള്ളവരുടെ സ്ഥലങ്ങളിലും റോഡരുകിലും ജലാശയ ങ്ങളിലും നിയമം ലംഘിച്ച് മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നു. ആശുപത്രി മാലിന്യം നിയമപ്രകാരം സംസ്ക്കരിക്കുന്നില്ല. പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം ഭീഷണിയായിത്തീർന്നിരിക്കുന്നു. ഒക്ടോബർ 2-ന് ആരംഭിച്ച സാമൂഹ്യ ശുചിത്വ പക്ഷാചരണത്തിലൂടെ ഇക്കാര്യത്തിൽ കുറെയൊക്കെ മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. സർവ്വകക്ഷി യോഗത്തിന്റെ തീരുമാനപ്രകാരം ഒക്ടോബർ 13-ന് സംസ്ഥാനത്ത് വ്യാപകമായി ശുചീകരണവും കൊതുക് നശീകരണവും സമ്പൂർണ്ണ ശുചിത്വ പ്രഖ്യാപനവും നടത്തുന്നതാണ്. 'മാലിന്യ വിമുക്ത കേരളം' പരിപാടിയിൽ മാലിന്യ നിർമ്മാർജ്ജനത്തിനും സംസ്ക്കരണത്തിനുമുള്ള പദ്ധതി ആരംഭി ക്കുന്നതാണ്. മലിനീകരണം നടത്തുന്നവർക്കെതിരായി കർശന നടപടി സ്വീകരിക്കുന്നതാണ്. മാലിന്യ സംസ്ക്കരണത്തിന് വിവിധ പരിപാടികൾ നടപ്പിലാക്കുന്നതാണ്. വ്യവസായശാലകൾ, ആശുപത്രികൾ എന്നിവിട

ങ്ങളിലെ മാലിന്യങ്ങൾ അവർ തന്നെ സംസ്ക്കരിച്ച് നിർമ്മാർജ്ജനം ചെയ്യുവാൻ 1974-ലെ ജലമലിനീകരണ നിയമം അനുശാസിക്കുന്നതിനാൽ ഈ നിയമം കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്. മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. അപകടകാരികളായ ഖര പാഴ്‌വസ്തുക്കൾ കൈകാര്യം ചെയ്യുന്ന വ്യവസായങ്ങൾ അത് നിർമ്മാർജ്ജനം ചെയ്യുന്നതിനായി സുപ്രീം കോടതിയുടെ മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഒരു പൊതു ശേഖരണ സംസ്ക്കരണ നിർമ്മാർജ്ജന പ്ലാന്റ് അമ്പലമുകളിൽ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ബയോ-മെഡിക്കൽ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള ഒരു പ്ലാന്റ് കഞ്ചിക്കോട്ട് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. നിരോധിക്കപ്പെട്ട 20 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നവർക്കെതിരെ നടപടികളെടുക്കും. അതോടൊപ്പം 30 മൈക്രോണിൽത്താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിക്കാൻ നടപടി എടുക്കും. ഇത് സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് ഇറങ്ങിയ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയെങ്കിലും വീണ്ടും നിയമം കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. സ്റ്റീൽ ഫാക്ടറികളിൽ നിന്നുള്ള മലിനീകരണം തടയാനുള്ള നിർദ്ദേശങ്ങൾ ആവിഷ്ക്കരിക്കാനായി നാലംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കാനും നിർമ്മാർജ്ജനം ചെയ്യാനുമുള്ള ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണെങ്കിലും ബഹുഭൂരിപക്ഷം സ്ഥലങ്ങളിലും അത് ഫലപ്രദമായി നടക്കുന്നില്ല. നഗരങ്ങളിൽ മാലിന്യങ്ങൾ ശേഖരിക്കുകയും ഡംബിംഗ് ഗ്രൗണ്ടുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു

ണ്ടെങ്കിലും ശാസ്ത്രീയമായ സംസ്ക്കരണ സംവിധാനം വളരെ കുറച്ചു നഗരങ്ങളിലേയുള്ളൂ. ഇക്കാര്യത്തിൽ നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള ദൃഢനിശ്ചയത്തിലാണ് ഈ സർക്കാർ. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സ്വന്തം നിലയിലുള്ളതോ അവരുടെ ആഭിമുഖ്യത്തിലുള്ളതോ ആയ മലിനീകരണ സംസ്ക്കരണ പ്ലാന്റ് തുടങ്ങും. ഖരമാലിന്യത്തിൽനിന്നും ബയോഗ്യാസും ജൈവ വളവും നിർമ്മാണ സാമഗ്രികളുമൊക്കെ ഉൽപാദിപ്പിക്കാൻ പറ്റുന്ന സംസ്ക്കരണ പദ്ധതികൾക്കും നിർദ്ദേശമുണ്ട്. അതെല്ലാം പരിശോധിച്ച് നിലവിലുള്ള സാങ്കേതിക വിദ്യ സ്വീകരിച്ച് ആവശ്യമായ കേന്ദ്രങ്ങളിൽ മലിനീകരണ സംസ്ക്കരണ പ്ലാന്റുകൾ തുടങ്ങാനും മാലിന്യ നിർമ്മാർജ്ജനം, പരിസര മലിനീകരണം എന്നിവ കൈകാര്യം ചെയ്യുന്നതിനും നടപടിയെടുക്കും. ഇതിനായി പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്താനും മറ്റു സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ടുകൊണ്ടു പോകാനും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ സമഗ്രമായ ഒരു ഏകീകൃത നിയമം കൊണ്ടുവരുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്.

(2) <u>സംസ്ഥാനത്തെ കേരകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. പി. വിശ്വൻ:</u> കേരളത്തിലെ നാളികേര കൃഷിക്കാർ ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. ഏകദേശം 35 ലക്ഷത്തോളം നാളികേര കൃഷിക്കാർ കേരളത്തിലുണ്ട്. ലോകത്താകെ ഉൽപാദിപ്പിക്കുന്ന നാളികേരത്തിന്റെ 22 ശതമാനവും ഇന്ത്യയിലാണ്. അതിൽ 69 ശതമാനവും കേരളത്തിലാണ്. എന്നാൽ നാളികേരത്തിന്റെ ഉൽപാദനക്ഷമത ഇന്ന് കുറഞ്ഞു

കൊണ്ടിരിക്കുകയാണ്. കേരകർഷകർക്കായി നിരവധി പാക്കേജുകൾ ഗവണ്മെന്റ് പ്രഖ്യാപിച്ചുവെങ്കിലും അതൊന്നും ഫലവത്തായിട്ടില്ല. നാളികേര ഉൽപാദനം കുറയാനുള്ള പ്രധാന കാരണം തെങ്ങിന്റെ കൂമ്പുചീയലും മണ്ഡരി രോഗവുമാണ്. ഈ രോഗ പ്രതിരോധത്തിനായി മരുന്നോ ശാസ്ത്രീയമായ സമീപനമോ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഏറ്റവും നല്ല വിത്ത് തേങ്ങ കിട്ടുന്ന പ്രദേശമായ കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി കടലോര മേഖലയിലെ നാളികേര ഉൽപാദനം വളരെ കുറഞ്ഞിരിക്കുകയാണ്. രോഗബാധമൂലം ഉൽപാദിപ്പിക്കുന്ന നാളികേരത്തിനും വില കുറഞ്ഞു കൊണ്ടിരിക്കുകയാണ്. 35 ലക്ഷം കുടുംബങ്ങളെ ബാധിക്കുന്ന നാളികേരത്തിന്റെ ഉൽപാദനക്കുറവും വിലത്തകർച്ചയും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെയും ബാധിച്ചിരിക്കുന്നു. കേരളത്തിൽ കയർപിരി, തൊണ്ട് തല്ല് തുടങ്ങിയവ ജീവിതമാർഗ്ഗമായി സ്വീകരിച്ചവരും ഇതുമായി ബന്ധപ്പെട്ട ചെറുതും വലുതുമായ കച്ചവടക്കാരും ഇന്ന് വലിയ പ്രതിസന്ധിയിലാണ്. വെളിച്ചെണ്ണയ്ക്ക് ബദലായി സസ്യ എണ്ണ ദേശീയ വിപണി കൈയടക്കിയിരിക്കുന്നു. തേങ്ങയുടെ വിലയിടിവ് തടയാനായി നാളികേരാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കണം. മധുരക്കള്ളിന്റെ ഉൽപാദനം പ്രോൽസാഹിപ്പിക്കണം. അതിലേയ്ക്കായി അബ്കാരി നിയമത്തിൽ മാറ്റം വരുത്തണം. 'നീര'യുടെ ഉൽപാദനം ആരംഭിക്കണം. നാളികേര ഉൽപാദകരെ രക്ഷിക്കാനും ഉൽപാദനം വർദ്ധിപ്പിക്കാനുമുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കണം. കോഴിക്കോട് ജില്ലയിലെ നാളികേര കോംപ്ളക്സിന്റെ പ്രവർത്തനം പുന:സംഘടിപ്പിക്കാൻ തയ്യാറാകണം.

കൃഷി വകപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): നാളികേര കൃഷിയുമായി ബന്ധപ്പെട്ട് കൂമ്പുചീയൽ, മണ്ഡരി രോഗങ്ങൾക്കെതിരായി കോഴിക്കോട് ജില്ലയിൽ ധാരാളം പരിപാടികൾ നടത്തുകയും ലക്ഷക്കണക്കിനു രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇപ്പോഴും ഈ രോഗങ്ങൾ നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് നാളികേരത്തിന്റെ ഉൽപാദനത്തേയും ഉൽപാദനക്ഷമതയേയും ബാധിച്ചിരിക്കുന്നു. കുറ്റ്യാടി മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ഈ മാസം 17-ാം തീയതി ഒരു പ്രത്യേക യോഗം വിളിച്ചിട്ടുണ്ട്. ലോകത്തെ പല രാജ്യങ്ങളും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് മുന്നോട്ടുവരുന്നതുപോലെ കേരളാ ഗവണ്മെന്റും അത്തരം ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനും മൽസരാധിഷ്ഠിത കമ്പോളത്തിൽ നാളികേര ഉൽപന്നങ്ങളുമായി ഇടപെടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 'നീര'യുടെ കാര്യത്തിൽ ചർച്ചകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. അത് ആരോഗ്യകരമായ ഒരു പാനീയമായി കമ്പോളത്തിൽ ഇറങ്ങിയാൽ നാളികേരത്തിന്റെ വിലയിടിവിന് പരിഹാരം കാണാൻ കഴിയും. കോഴിക്കോട്, മലബാർ ഉൾപ്പെടെയുള്ള മേഖലകളിൽ കേരഫെഡ് സഹകരണ സംഘങ്ങൾ വഴി കൊപ്ര എടുക്കുന്നതിനുപകരം നേരിട്ട് കൊപ്ര എടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. നാളികേര കോംപ്ളക്സിന്റെ കാര്യത്തിലും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ക്രമപ്രശ്നം**

(1) 4-10-2006-ന് റൂൾ 300 അനുസരിച്ച് മുഖ്യമന്ത്രി നടത്തിയ പ്രസ്താവന സംബന്ധിച്ച്

ശ്രീ.കെ.എം. മാണി: നെയ്യാർഡാമിലെ വെള്ളം തമിഴ്നാടിന് വിട്ടുകൊടുക്കുന്നതുസംബന്ധിച്ച് ഞാൻ 4-ാം തീയതി ഉന്നയിച്ച സബ്മിഷന് ബഹുമാന

പ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയും അതിനുശേഷം റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് വായിക്കുകയും ചെയ്തു. ആ പ്രസ്താവനയിൽ 'നെയ്യാർ ഡാമിലെ ജലം തമിഴ്നാടിന് വിട്ടുകൊടുക്കുന്നതിന് തയ്യാറാണെന്ന് തമിഴ്നാട് മുഖ്യമന്ത്രിക്ക് ഞാൻ എഴുതുകയുണ്ടായി' എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിച്ചത്. എന്നാൽ 4.10.06-ന് സഭയിൽ നടത്തിയ പ്രസ്താവന സപ്രസ്സ് ചെയ്തുകൊണ്ടുള്ള സ്റ്റേറ്റ്മെന്റാണ് 6.10.06-ൽ സർക്കുലേറ്റ് ചെയ്തത്. 4-ാം തീയതി ചട്ടം 300 അനുസരിച്ചു നടത്തിയ പ്രസ്താവന നിയമസഭാ രേഖകളിലുണ്ട്. അത് നിയമസഭയുടെ പ്രോപ്പർട്ടിയാണ്. തെറ്റായ ഒരു കാര്യം മറച്ചുവയ്ക്കുന്നതിനുവേണ്ടി, അത് നിയമസഭാ റിക്കാർഡിൽനിന്നും മാറ്റുന്നതിനുവേണ്ടിയുള്ള ഒരു ശ്രമമാണ് രണ്ട് ദിവസം കഴിഞ്ഞ് നടത്തിയിരിക്കുന്നത്. ഇത് ഓർഡറിലാണോ എന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): ഏതൊരു അംഗത്തിന്റെയും അധികാരമുപയോഗിച്ചുള്ള ഒരു കറക്ഷനാണ് ഇവിടെ നടത്തിയിട്ടുള്ളത്. ഇതിൽ യാതൊരു അപാകതയുമില്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

**റൂളിംഗ്**

മി.സ്പീക്കർ : ചട്ടം 300 അനുസരിച്ച് 4.10.2006-ന് മുഖ്യമന്ത്രി സഭയിൽ നടത്തിയ പ്രസ്താവനയുടെ കോപ്പി രണ്ട് ദിവസം കഴിഞ്ഞാണ് വിതരണം ചെയ്യാൻ കഴിഞ്ഞത്. അതിൽ പ്രതിപാദിച്ചതും മുഖ്യമന്ത്രി പറഞ്ഞതും തമ്മിൽ വ്യത്യാസമുണ്ടോയെന്ന് പരിശോധിച്ച് പിന്നീട് സഭയെ അറിയിക്കുന്നതാണ്.

ശ്രീ.കെ.എം.മാണി: റൂൾ 300 അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് കോപ്പി കൊടുത്ത് അനുമതി വാങ്ങി സഭയിൽ പ്രസ്താവന നടത്തിയിട്ട് രണ്ട് ദിവസത്തിനുശേഷം അങ്ങനെ പറഞ്ഞിട്ടില്ലെന്ന് പറയുന്നത് തെറ്റായ നടപടിയാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ ): റൂൾ 300 അനുസരിച്ച് ഒരു മന്ത്രിസഭാംഗം സഭയിൽ സ്പീക്കറുടെ അനുമതിയോടുകൂടിയാണ് പ്രസ്താവന നടത്തേണ്ടത് എന്നല്ലാതെ മറ്റ് വിശദീകരണങ്ങളൊന്നും പറയുന്നില്ല. ബിസിനസ് തീരുമാനിക്കുന്നതിനുമുമ്പ് തലേ ദിവസം അജണ്ടയിൽ ഉൾപ്പെടുത്തിയതും അല്ലാത്തതും ഓറലായിട്ടും പ്രസ്താവന നടത്തുന്ന കീഴ്വഴക്കങ്ങൾ സഭയിലുണ്ടായിട്ടുണ്ട്.

ശ്രീ. കെ.സി. ജോസഫ്: രണ്ടു പ്രാവശ്യവും ലിസ്റ്റ് ഓഫ് ബിസിനസ്സിൽ ഉൾക്കൊള്ളിക്കാതെയാണ് മുഖ്യമന്ത്രി പ്രസ്താവന നടത്തിയത്. രണ്ടാമത്തെ പ്രസ്താവനയുടെ കോപ്പി കിട്ടി, ആദ്യത്തേതിന്റേത് കിട്ടിയിട്ടില്ല. റൂൾ 300 അനുസരിച്ച് മന്ത്രി പ്രസ്താവന നടത്തുമ്പോൾ അംഗങ്ങളെ അറിയിക്കേണ്ടതാണ്. ഇത് ആവർത്തിക്കാതിരിക്കാൻ ബഹുമാനപ്പെട്ട ചെയർ ശ്രദ്ധിക്കണം.

മി. സ്പീക്കർ : ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## (2) സഭാനടപടികൾ മൊബൈൽ ഫോൺ ക്യാമറയിൽ പകർത്തിയ സംഭവം

ശ്രീ. സാജു പോൾ: ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് മറുപടി പറയുമ്പോഴുണ്ടായ പ്രക്ഷുബ്ധരംഗങ്ങൾ ഒരു പ്രതിപക്ഷാംഗം മൊബൈൽ ഫോണിലെ

ക്യാമറയിൽ പകർത്തിയതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിച്ച് നടപടിയെടുക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇതൊരു പുതിയ സംഭവമായതിനാൽ ഗൗരവമായി ത്തന്നെ ഈ പ്രശ്നത്തെ കാണേണ്ടതാണ്.

മി. സ്പീക്കർ: നിയമസഭാ നടപടിചട്ടമനുസരിച്ചാണ് നിയമസഭയിൽ പ്രവർത്തിക്കേണ്ടത്. നിയമസഭാനടപടികൾ മൊബൈൽ ഫോൺ ക്യാമറയിൽ പകർത്തി പുറത്ത് പ്രസിദ്ധീകരിക്കുന്നത് തികച്ചും തെറ്റായ നടപടിയാണ്. ഇത്തരം നടപടി ഇനിയും ആവർത്തിക്കുകയാണെങ്കിൽ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി പരിശോധിച്ച് പ്രയോജനകരമാണെങ്കിൽ നടപ്പിലാക്കു മെന്ന് മുഖ്യമന്ത്രി പറഞ്ഞുവെങ്കിലും അത് നടപ്പിലാക്കേണ്ടതില്ലെന്നും അതിന്റെ തുക തിരിച്ചുവാങ്ങണമെന്നും ഇപ്പോൾ ഗവണ്മെന്റ് സെക്രട്ടറി നിർദ്ദേശം കൊടുത്തിരിക്കുന്നതായി അറിയുന്നു. ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ യൂണിവേഴ്സൽ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമായി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളെക്കൊണ്ടുമാത്രമേ ഈ പദ്ധതി നടപ്പിലാക്കാവൂ എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടെന്റർ ചെയ്തപ്പോൾ കൂടിയ തുകയാണ് അവർ ക്വാട്ട് ചെയ്തത്. റീടെന്റർ ചെയ്ത പ്പോൾ ഐ.സി.ഐ.സി.ഐ. എന്ന പ്രൈവറ്റ് കമ്പനി കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്യുകയുണ്ടായി. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ലക്ഷക്കണക്കിന്

കുടുംബങ്ങൾക്ക് കുറഞ്ഞ പ്രീമിയം അടയ്ക്കാനും മെച്ചപ്പെട്ട ചികിൽസാ സഹായം ലഭ്യമാക്കാനുമുള്ള ലക്ഷ്യബോധത്തോടെ ഇത് അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി കേരളത്തിന്റെ സ്കീമാണ് നല്ലതെന്ന് അവർ സമ്മതിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്ത് പ്രൈവറ്റ് കമ്പനിയെക്കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഈ പദ്ധതി ഉപേക്ഷിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന തിനുള്ള തടസ്സങ്ങൾ മാറിയിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഈ സ്കീം നടപ്പിലാക്കുന്ന കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് തീരുമാനമെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കാൻ ഉദ്ദേശിച്ചിട്ടില്ല. കേന്ദ്ര ധനകാര്യമന്ത്രി മുൻ കേരള മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ പൊതുമേഖലാ കമ്പനികളെ മാത്രമേ ഈ സ്കീമിൽ ഉൾപ്പെടുത്താൻ പാടുള്ളളുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 3 കോടിയിൽപരം രൂപ യാതൊരു കരാറുമില്ലാതെ സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. ഈ പദ്ധതി സംബന്ധിച്ച് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയോടുപോലും ആലോചിക്കാതെയാണ് മുന്നോട്ടുപോയത് എന്നുള്ളത് അത്യന്തം ദുരൂഹമാണ്. പ്രതിപക്ഷനേതാവ് ഇതുസംബന്ധിച്ച രേഖ മേശപ്പുറത്തുവയ്ക്കുകയോ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്താൽ നടപടികൾ സ്വീകരിക്കാം. കേന്ദ്ര ധനകാര്യ വകുപ്പ് ഗവൺമെന്റിന് അയച്ച കത്ത് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഇത് സംബന്ധിച്ച് ഒരു പ്രാഥമിക പരിശോധന ഏതാനും ദിവസങ്ങൾക്കുമുമ്പ് നടത്തിയിരുന്നു. ഇൻഷ്വറൻസ് കമ്പനിയുമായി ധനകാര്യ വകുപ്പ് സെക്രട്ടറി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുണ്ടാക്കിയ ധാരണയിൽ ജനങ്ങൾക്കുവേണ്ടി കേന്ദ്രത്തിൽനിന്ന് 300 രൂപവച്ച് വാങ്ങാനുള്ള ചുമതല ഈ കമ്പനിയെ ഏൽപ്പിക്കുന്നുവെന്നും കരാർ മൂന്ന് വർഷത്തേയ്ക്ക് ബാധകമായിരിക്കു മെന്നുമുള്ള രണ്ട് തീരുമാനങ്ങൾ എടുക്കുകയും ധാരാണാപത്രം ഒപ്പുവയ്ക്കേണ്ട ദിവസവും സ്ഥലവും നിശ്ചയിക്കുകയും കമ്പനിയുടെ പ്രതിനിധികൾ വരികയും ചെയ്തു. കരാർ പരിശോധിച്ചപ്പോൾ ഇവിടെ രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം പണം ലഭ്യമാക്കാനുള്ള ചുമതല കമ്പനി കൾക്കില്ലെന്നും മൂന്ന് വർഷക്കാലയളവ് അവർ അംഗീകരിക്കുന്നില്ലെന്നും ബോദ്ധ്യപ്പെടുത്തിയതിനാൽ ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് ഒബ്ജക്ട് ചെയ്തു; കരാർ ഒപ്പിട്ടില്ല. ഈ കമ്പനിക്ക് സംസ്ഥാനവുമായി രേഖാമൂലം ബാധ്യതയില്ലാതിരുന്നിട്ടും ഇതിന്റെ സംസ്ഥാനതല ഉത്ഘാടനം നടത്തി തദ്ദേശഭരണ സ്ഥാപനങ്ങളോട് പണം അടയ്ക്കാൻ ആവശ്യപ്പെട്ടു. ഈ പദ്ധതിക്ക് ബഡ്ജറ്റിൽ പണം നീക്കിവയ്ക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു സ്വകാര്യ കമ്പനിയിൽ പണം അടച്ചിരിക്കുകയാണ്. ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കാതെ ആ പണം തിരിച്ചുപിടിക്കാൻ ഈ സർക്കാർ ശ്രമിക്കും. അത് റീ-നെഗോഷ്യേറ്റ് ചെയ്യും. അതിന് കൂട്ടായി ചർച്ച ചെയ്ത് സമവായത്തിലെത്താം.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ക്യാബിനറ്റ് തീരുമാനമനു സരിച്ച് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കമ്പനിയെ തുക ഏൽപ്പിച്ചത്. അത് പരിശോധിക്കണം.

കണ്ടിജൻസി ഫണ്ടിൽനിന്നും ഇതിന് തുക അനുവദിക്കണമെന്ന് ലോക്കൽ ബോഡീസിൽനിന്ന് ആവശ്യപ്പെട്ട ഫയൽ ധനകാര്യ വകുപ്പിലുണ്ടാകും. ഏറ്റവും പ്രയോജനപ്രദമായ രീതിയിൽ നടപ്പാക്കുന്നതിന് ഈ സ്കീം പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ 'Frame work for Developing Health Insurance Programme' എല്ലാ സ്റ്റേറ്റുകൾക്കും അയച്ചുകൊടുത്തിട്ടുണ്ട്. ഈ സ്കീം അല്ലെങ്കിൽ ഇതിനെക്കാൾ മെച്ചപ്പെട്ട സ്കീം നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ക്യാബിനറ്റ് തീരുമാനിച്ച് ഉത്തരവിറക്കിയാലും പണം ചെലവാക്കാൻ സാധിക്കാതെ വന്നാൽ അത് ഓവർറൂൾ ചെയ്യാം. പക്ഷേ പിന്നെ അത് ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ വരണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): ഇത് സംബന്ധിച്ച് പ്രതിപക്ഷ നേതാവിന്റെ കൈവശമുള്ള രേഖകൾ സർക്കാരിന്റെ ഫയലിലില്ല. അവ സമർപ്പിച്ചാൽ പരിശോധിച്ച് നടപടി സ്വീകരിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): കേന്ദ്ര ആരോഗ്യ വകുപ്പ് സെക്രട്ടറി അയച്ച കത്തിന്റെ കോപ്പി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(2) നെടുങ്ങോലം രാമറാവു ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. എൻ. അനിരുദ്ധൻ: നിരവധി പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ആശ്വാസമേകുന്ന പരവൂർ മുനിസിപ്പാലിറ്റിയിലെ രാമറാവു ആശുപത്രി 1993-ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തിയെങ്കിലും ആനുപാതികമായ ഡോക്ടർമാരെയോ പാരാമെഡിക്കൽ സ്റ്റാഫിനെയോ

നിയമിച്ചിട്ടില്ല. ആശുപത്രി കെട്ടിടം പണിയുന്നതിന് 36 ലക്ഷം രൂപ അനുവദിച്ചുവെങ്കിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അത് സംബന്ധിച്ച നടപടി പൂർത്തീകരിച്ചില്ല. ഈ ഗവൺമെന്റ് എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ അക്സപ്റ്റ് ചെയ്ത് എഗ്രിമെന്റ് വയ്ക്കേണ്ട സമയത്ത് കെട്ടിട നിർമ്മാണം നിർത്തിവയ്ക്കേണ്ടിവന്നു. സ്റ്റേറ്റ് ഹൈ ലെവൽ കമ്മിറ്റി ആ തുക കൊട്ടാരക്കര താലൂക്ക് ആശുപത്രിക്കുവേണ്ടി മാറ്റി. ഇത് സംബന്ധിച്ച് ഇന്ന് തദ്ദേശവാസികൾ സമരം ആരംഭിച്ചിരിക്കുകയാണ്. ഇത് പുനഃപരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : പാരമ്പര്യ ചികിൽസാ രംഗത്ത് പഴക്കമുള്ള ആശുപത്രി യാണിത്. ചില പ്രോജക്ടുകൾക്ക് അംഗീകാരം നൽകി രണ്ടര വർഷം കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിനാലും 2007 മാർച്ച് മാസത്തിനുമുമ്പ് ഈ തുക വിനിയോഗിക്കണമെന്നുള്ളതു കൊണ്ടുമാണ് തുക മാറ്റേണ്ടിവന്നത്. സ്ഥലം എം.എൽ.എ.യെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളെയും അറിയിക്കാതെയാണോ തുക മാറ്റിയതെന്ന് പരിശോധിക്കാം. അങ്ങനെയുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യം സംബന്ധിച്ചും അന്വേഷിക്കും. നെടുങ്ങോലം രാമറാവു ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കും. അനുവദിച്ച തുക അവിടെത്തന്നെ തിരിച്ചുനൽകുന്നതിനുള്ള നിർദ്ദേശം കൊടുക്കാം.

(3) ആലപ്പുഴയിലെ ശ്രീപാദം ചിട്ടി ഫണ്ടിന്റെ പ്രവർത്തനം നിലച്ചതുമൂലം നിക്ഷേപകർക്കുണ്ടായിട്ടുള്ള വിഷമതകൾ

ശ്രീ. കെ.സി. വേണുഗോപാൽ : ആലപ്പുഴയിലെ ശ്രീപാദം ചിട്ടി ഫണ്ട് അധികൃതർ 1200-ഓളം ആളുകളിൽനിന്നും കഴിഞ്ഞ അഞ്ചാറുവർഷമായി 6 കോടിയോളം രൂപ സമാഹരിച്ച് മുങ്ങിയിരിക്കുകയാണ്. വഞ്ചിതരായവരിൽ 80 ശതമാനം പേരും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ്. ഈ തുക ഇവർക്ക് ലഭ്യമാക്കുന്നതിനുവേണ്ട ശക്തമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്): ഈ സ്ഥാപനം 18 ശതമാനം പലിശയ്ക്കാണ് നിക്ഷേപകരിൽനിന്നും പണം സ്വീകരിച്ചത്. 1200-ഓളം ആളുകളിൽനിന്നായി 6 കോടിയോളം രൂപ സമാഹരിച്ചുവെങ്കിലും കഴിഞ്ഞ വർഷമായപ്പോൾ ഇടപാടുകൾ കുറഞ്ഞു. പലരുടെയും ലോക്കറിൽ സൂക്ഷിച്ചിരുന്ന സ്വർണ്ണാഭരണങ്ങൾ നഷ്ടപ്പെട്ടു. ഈ തട്ടിപ്പുമായി ബന്ധപ്പെട്ട് സർക്കാർ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കേസ്സിൽ പ്രതിയായ അക്കൗണ്ടന്റിനെ 27.8.2006-ലും സെക്രട്ടറി, ചെയർമാൻ എന്നിവരെ 29.8.2006-ലും അറസ്റ്റുചെയ്യുകയും ഹൈക്കോടതി ഉത്തരവ് പ്രകാരം ജാമ്യത്തിൽ വിടുകയും ചെയ്തു. മണി ലെന്റേഴ്സ് ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നതിനുവേണ്ടി അതിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

(4) കൈവശരേഖ ലഭ്യമാക്കുന്നതിലുള്ള കാലതാമസം

ശ്രീ. വി. സുരേന്ദ്രൻപിള്ള: തീരപ്രദേശമുൾപ്പെടുന്ന തിരുവനന്തപുരം വെസ്റ്റ് നിയോജക മണ്ഡലത്തിലെ മൂന്നും നാലും സെന്റ് ഭൂമിയിൽ കഴിയുന്ന 1500-ഓളം കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. 1-1-1977-നുമുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. മുട്ടത്തറ, കടകംപള്ളി, പേട്ട, വഞ്ചിയൂർ, പട്ടം എന്നിവിടങ്ങളിലെ നിരവധി അപേക്ഷകൾ കളക്ടറേറ്റുകളിൽ കെട്ടിക്കിടക്കു

കയാണ്. ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ കൂടാത്തതു കാരണം പട്ടയം കൊടുക്കുന്ന നടപടി പൂർത്തിയാക്കാനും കഴിയുന്നില്ല. ഇതുമൂലം വളരെയേറെ ബുദ്ധിമുട്ടുകൾ ഇവർക്ക് അനുഭവിക്കേണ്ടിവരുന്നുണ്ട്. കേരളപ്പിറവി ദിനത്തിൽ പട്ടയം നൽകാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പേട്ട, മുട്ടത്തറ, കടകംപള്ളി വില്ലേജുകളിൽ നിയമപ്രകാരം പട്ടയം നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. എയർപോർട്ടിന് സമീപമുള്ളതും ട്രിഡയുടെ അനുമതി ആവശ്യമുള്ളതുമായ പട്ടയങ്ങൾക്ക് അവരുടെ അനുമതി ലഭ്യമാകണം. മുട്ടത്തറ വില്ലേജിൽ നിയമപ്രകാരം പട്ടയം നൽകുന്നതിൽ ഉണ്ടായ കാലതാമസത്തെക്കുറിച്ച് പരിശോധിച്ചപ്പോൾ ഇതിൽ ഭൂരിഭാഗം അപേക്ഷകരും തീരപഥം പദ്ധതി പ്രദേശത്ത് താമസിക്കുന്നതിനാൽ ട്രിഡയുടെ അനുമതി കൂടി ലഭ്യമായാൽ മാത്രമേ നടപടി തുടരാൻ സാധിക്കുകയുള്ളൂ. റവന്യൂ വകുപ്പിൽ തസ്തികകൾ വെട്ടിക്കുറച്ചതുമൂലം വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള വിവിധ ഓഫീസുകളിൽ പട്ടയം നൽകുന്നതടക്കമുള്ള ജോലി യഥാസമയം നിർവ്വഹിക്കുന്നതിന് പ്രയാസ ങ്ങൾ ഉണ്ടാകുന്നു. സംസ്ഥാനത്ത് എല്ലാ താലൂക്കുകളിലും ആയിര ക്കണക്കിന് അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നത് പരിഗണിച്ച് സമയബന്ധിതമായി ഇത് പൂർത്തീകരിച്ച് പട്ടയം കൊടുക്കുന്നതിനാവശ്യ മായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഏറ്റവും ചുരുങ്ങിയത് 50 ദിവസത്തിനുള്ളിൽ 25,000 കുടുംബങ്ങൾക്ക് പട്ടയവും കൈവശരേഖയും നൽകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. മെമ്പർ ചൂണ്ടിക്കാണിച്ച പ്രദേശങ്ങളിലെ ഏതാണ്ട്

ആയിരത്തിലേറെ അപേക്ഷകർക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(5) റൂട്ട് വിൽറ്റ് രോഗം

ശ്രീ. കെ. കെ. ഷാജു: കൊല്ലം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ തെങ്ങുകൾക്ക് റൂട്ട് വിൽറ്റ് രോഗം ബാധിച്ചത് തടയുന്നതിന് 1924 കോടി രൂപയുടെ ഒരു കേന്ദ്ര പദ്ധതി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കാലയളവ് 7 വർഷമാണ്. കേന്ദ്ര വിഹിതം 384 കോടി രൂപയും സംസ്ഥാന വിഹിതം 50 കോടി രൂപയുമാണ്. നബാർഡും ഗുണഭോക്താക്കളും അടങ്ങിയ ബൃഹത്തായ ഈ കേന്ദ്ര പദ്ധതിക്ക് അനുമതി നൽകിയ സമയത്ത് ബഡ്ജറ്റ് പാസ്സാക്കി കഴിഞ്ഞതിനാൽ അഡീഷണൽ പ്ലാൻ അസിസ്റ്റൻസ് എന്ന പേരിൽ ആദ്യം 40 കോടി രൂപയും ഇപ്പോൾ ഒരു ഗഡുവും ചേർത്ത് 80 കോടി രൂപ അനുവദിച്ചിട്ടുണ്ട്. രോഗം ബാധിച്ച തെങ്ങുകൾ പൂർണ്ണമായി വെട്ടിമാറ്റി അത്യുൽപ്പാദനശേഷിയുള്ള പുതിയ തൈകൾ നടേണ്ടതാണ്. തൈ നട്ടുകഴിഞ്ഞാൽ 6 വർഷത്തിനു ശേഷം മാത്രമേ ആദായമുണ്ടാകുകയുള്ളൂ. ഈ കാലയളവിൽ ഇടവിളയ്ക്കും ജലസേചന സൗകര്യങ്ങൾക്കും മറ്റുമായിട്ടുള്ളതാണ് ഈ പദ്ധതി. മലപ്പുറത്തുള്ള മുണ്ടേരി ഫാമിൽ ഇതിനാവശ്യമായ വിത്തുൽപ്പാദനം നടത്തുന്നുണ്ട്. ഈ പദ്ധതി കേരളത്തിൽ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : കേര കർഷകരെ സഹായിക്കുന്നതിനുവേണ്ടി കാറ്റുവീഴ്ച രോഗം നിയന്ത്രിച്ച് തെങ്ങിന്റെ ഉൽപ്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കേരള സർക്കാർ

സമർപ്പിച്ച 1924.67 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഈ രോഗത്തിന്റെ കാഠിന്യം കണക്കിലെടുത്ത് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ പഞ്ചായത്തു കളിലാണ് 357 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നത്. 2005–2006 മുതൽ 2011–2012 വരെ കാലാവധിയുള്ള ഈ പദ്ധതിക്ക് കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ അനുമതി ലഭിച്ചു. 40 കോടി രൂപ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസായി അനുവദിച്ചിട്ടുണ്ട്. 2005–2006, 2006–2007 വർഷങ്ങളിൽ കൃഷി വകുപ്പ് സമർപ്പിച്ച 161.438 കോടി രൂപയുടെ ഭരണാനുമതിക്കുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൃഷി വകുപ്പ് എടുത്തിട്ടുണ്ട്. കാറ്റുവീഴ്ച നിയന്ത്രണത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ 25 ശതമാനം ധനസഹായത്തോടെ ടെക്നോളജി മിഷൻ പദ്ധതി പ്രകാരം തിരുവന ന്തപുരം, തൃശ്ശൂർ ജില്ലകളിൽ 37.697 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കുകയും രോഗബാധിതമായ 6,94,261 തെങ്ങുകൾ വെട്ടിമാറ്റി പകരം 3,47,130 നല്ലയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുകയും 73,524 ടൺ സംയോജിത വളപ്രയോഗ രീതികൾ അവലംബിക്കുകയും ചെയ്തു. ടെക്നോളജി മിഷൻ 9.420 കോടി രൂപ ധനസഹായം നൽകി; 2002–2003–ൽ ആരംഭിച്ച ഈ പദ്ധതി 2005–2006–ൽ അവസാനിച്ചു. ഇതിനുപുറമേ നാളികേര വികസന ബോർഡിന്റെ 100 ശതമാനം ധനസഹായത്തോടെ ഈ സാമ്പത്തിക വർഷം 689.375 ലക്ഷം രൂപ ചെലവഴിച്ച് ചെറുകിട കൃഷിയിടങ്ങളിലും സംയോജിത കൃഷിരീതികൾ നടപ്പിലാക്കുന്നു. ഇതുപ്രകാരം കാറ്റുവീഴ്ച രോഗം ബാധിച്ച 20,000 തെങ്ങുകൾക്ക് തെങ്ങൊന്നിന് 250 രൂപ ധനസഹായം നൽകി വെട്ടി മാറ്റി

1600 ഹെക്ടറിൽ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും 20,000 രൂപ ഒരു യൂണിറ്റിന് ധനസഹായം നൽകി 400 ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടി ഏറ്റെടുത്തിട്ടുണ്ട്.

(6) തൃശ്ശൂർ മെഡിക്കൽ കോളേജിലെ ചികിൽസാ സൗകര്യം

ശ്രീ. എ. സി. മൊയ്തീൻ: തൃശ്ശൂർ മെഡിക്കൽ കോളേജിൽ ചികിൽസാ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. പുതിയ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റി സ്ഥാപിച്ചപ്പോൾ 24 ഓപ്പറേഷൻ തിയേറ്ററുകളിൽ 8 എണ്ണം മാത്രമാണ് പ്രവർത്തനസജ്ജമായിട്ടുള്ളത്; മറ്റുള്ളവയും അടിയന്തിരമായി പ്രവർത്തനക്ഷമമാക്കണം. 400 കിടക്കകളുള്ള പുതിയ ബ്ലോക്കിന്റേയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റേയും നിർമ്മാണ പ്രവർത്തനം ആരംഭിക്കണം. ഗുരുതരമായ മാലിന്യപ്രശ്നത്തിന് പരിഹാരം കാണാൻ പ്ലാന്റുകൾ അടിയന്തിരമായി സ്ഥാപിക്കണം. എച്ച്.ഡി.സി.ഫണ്ട് ഉപയോഗിച്ച് സ്വീപ്പർമാരെ നിയമിച്ചിട്ടുണ്ടെങ്കിലും ഒഴിവുള്ള മുഴുവൻ സ്വീപ്പർ തസ്തികകളിലും നിയമനം നടത്തണം. അനസ്തേഷ്യ വിഭാഗ ത്തിലുള്ള ഒഴിവുകൾ നികത്തണം. ഓങ്കോളജി വിഭാഗത്തിൽ റേഡിയോ തെറാപ്പി വിഭാഗത്തിനുപുറമേ മെഡിക്കൽ-സർജിക്കൽ വിഭാഗംകൂടി ഉൾപ്പെടുത്തണം. Pain and Palliative care വിഭാഗത്തിൽ ഫിസിഷ്യനെ നിയമിക്കണം. ഓങ്കോളജി വിഭാഗത്തിൽ രോഗികൾക്ക് കിടക്കാനുള്ള സൗകര്യവും ജനറേറ്റർ സൗകര്യവും അടിയന്തിരമായി ഉണ്ടാക്കണം. പഠന സൗകര്യത്തിന് കെട്ടിടം, ഫർണിച്ചർ എന്നിവ ഉണ്ടാക്കണം. വാട്ടർ അതോറിറ്റി 5 ലക്ഷം ലിറ്റർ വെള്ളമാണ് പ്രതിദിനം നൽകുന്നത്. പ്രതിദിനം 10 ലക്ഷം

ലിറ്റർ വെള്ളമെങ്കിലും കിട്ടിയാലേ മെഡിക്കൽ കോളേജിന് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഈ വർഷം തന്നെ സി.ടി. സ്കാൻ സ്ഥാപിക്കാനുള്ള നടപടിയുണ്ടാകണം. അതുപോലെ എം.ആർ.ഐ. സ്കാൻ ഇല്ലാത്തതുകൊണ്ട് എം.ഡി. കോഴ്സിന് അംഗീകാരം നഷ്ടപ്പെടാൻ പോകുന്നുവെന്ന വാർത്ത വന്നിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്കൊക്കെ അടിയന്തിര പരിഹാരം കാണണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): തൃശ്ശൂർ മെഡിക്കൽ കോളേജിന് വളരെയേറെ പരിമിതികൾ ഉണ്ട്. ടീച്ചിംഗ് സ്റ്റാഫിന്റെ കുറവ്, ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, മോഡേൺ എക്വിപ്മെന്റ്സിന്റെ പരിമിതി തുടങ്ങിയവ കണക്കിലെടുത്തു കൊണ്ടാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ ആദ്യം ഈ കോളേജിന് സീറ്റ് അനുവദിക്കാൻ തയ്യാറാകാത്തത്. എന്നാൽ വരും വർഷ ങ്ങളിൽ ഈ കുറവുകൾ പരിഹരിച്ച് എല്ലാ സൗകര്യങ്ങളും ഏർപ്പെടു ത്തിക്കൊള്ളാം എന്ന് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിലാണ് തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകൾക്ക് 50 സീറ്റ് വീതം അധികം ലഭിച്ചിട്ടുള്ളത്. ആലപ്പുഴ മെഡിക്കൽ കോളേജിനും 50 സീറ്റ് കിട്ടുന്നതിന് സർക്കാർ പരിശ്രമിക്കുക യാണ്. ചിക്കുൻ ഗുനിയ ബാധിച്ച സ്റ്റേറ്റുകളിലെ ആരോഗ്യ വകുപ്പുമന്ത്രി മാരുടെ ഒരു യോഗം 11-ാം തീയതി ഡൽഹിയിൽവച്ച് നടക്കുന്നുണ്ട്. അപ്പോൾ ആലപ്പുഴ മെഡിക്കൽ കോളേജിൽ സീറ്റ് വർദ്ധിപ്പിക്കുന്ന കാര്യം പ്രത്യേക പ്രൊപ്പോസലായി നൽകുന്നതാണ്. ഈ മൂന്ന് മെഡിക്കൽ കോളേ ജുകളുടെയും ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ഇതിനായി നബാർഡ് ഫണ്ട് പത്ത് കോടി രൂപ വീതം

മാറ്റിവച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ സി.ടി. സ്കാൻ, എം.ആർ.ഐ. സ്കാൻ, വാട്ടർ ട്രീറ്റ്മെന്റ് പ്ളാന്റ്, ലൈബ്രറി, ലക്ചർ ഹാൾ എന്നിവ വിപുലീകരിക്കുന്ന നടപടി തുടങ്ങിയിട്ടുണ്ട്. പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സിന് അംഗീകാരം കിട്ടാനുള്ള സാഹചര്യം ഉണ്ട്. സംസ്ഥാന സർക്കാർ സുപ്രീം കോടതിക്ക് നൽകിയ ഉറപ്പ് പാലിക്കുന്നതോടൊപ്പം മാർച്ച് 31-നുള്ളിൽ പരിമിതികൾ പരിഹരിച്ചുകൊണ്ട് ഈ മൂന്ന് മെഡിക്കൽ കോളേജുകളും ഏറ്റവും നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(7) <u>സ്മാർട്ട് സിറ്റി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട സമരം</u>

<u>ശ്രീ. കെ. ബാബു:</u> സ്മാർട്ട് സിറ്റിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്ന ഭൂവുടമകൾ കഴിഞ്ഞ രണ്ടു മാസമായി ഇൻഫോപാർക്കിനു മുമ്പിൽ സമരം നടത്തിവരികയാണ്. ഭൂമി നഷ്ടപ്പെടുന്ന വർക്ക് 2005 ജനുവരിയിലെ വില, നാല് സെന്റ് സ്ഥലം വീതം സൗജന്യമായി കൊടുത്ത് പുനരധിവാസം, കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് 25,000 രൂപ, യോഗ്യത അനുസരിച്ച് ജോലി എന്നിവ നൽകാമെന്ന് കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തിരുന്നു. അതിൽത്തന്നെ അവിടെയുള്ളവർക്ക് തർക്കമുണ്ടാ യിരുന്നു. എന്നാൽ ഇപ്പോൾ സെന്റിന് 30,000 രൂപ മുതൽ 70,000 രൂപ വരെ വില കൊടുക്കാമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. സ്മാർട്ട് സിറ്റി തുടങ്ങുന്നതിനു വേണ്ടി യാതൊരു ആനുകൂല്യവും ഡി.ഐ.സി.ക്ക് കൊടുക്കില്ലെന്ന് മാത്രമല്ല ഭൂമിക്ക് കമ്പോള വില കിട്ടണമെന്നുമാണ് ഈ സർക്കാരിന്റെ നിലപാട്. ഡി.ഐ.സി. ഇതിനു വേണ്ട മാർക്കറ്റ് വില തരാമെന്നു സമ്മതിച്ചിട്ടുണ്ടെന്ന് കേരള ഹൈക്കോടതിയിൽ മുഖ്യമന്ത്രിക്ക് വേണ്ടി ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ അഫിഡവിറ്റ് നൽകിയിട്ടുണ്ട്. അവിടത്തെ ഭൂവുടമകൾ

20 സെന്റും 30 സെന്റും ഉള്ള സാധാരണക്കാരാണ്. അവർക്ക് ന്യായമായ വില കൊടുക്കണം. 30,000 രൂപയാണ് ഏറ്റവും അവസാനത്തെ വിലയായി കൊടുക്കാമെന്നു പറയുന്നത്. അവിടത്തെ ഭൂവുടമകൾക്ക് 2004-05-ലെ മാർക്കറ്റ് വില കൊടുക്കണം. ആ പ്രദേശത്ത് ഒന്നേകാൽ ലക്ഷം രൂപയ്ക്കും രണ്ട് ലക്ഷം രൂപയ്ക്കും ഭൂമി വിറ്റതിന്റെ രേഖകൾ ഉണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഉദാരമായ നിലപാട് സർക്കാർ സ്വീകരിക്കണം. ഡി.ഐ.സി. കമ്പനിക്കുവേണ്ടി പാവപ്പെട്ട ആളുകളെ വഞ്ചിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കരുത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): സ്മാർട്ട് സിറ്റിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ കംപോള വില ലഭിക്കുന്നതിനും പുനരധിവാസ ത്തിനുമായി ഭൂ ഉടമകൾ എറണാകുളം ജില്ലയിലെ കാക്കനാട് നിർദ്ദിഷ്ട സ്മാർട്ട് സിറ്റി പ്രദേശത്ത് സമരം നടത്തിവന്നിരുന്നു. അവരുടെ ആവശ്യ ങ്ങൾ നിറവേറ്റുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 19-9-2006-ൽ ഒരു ഗ്രീവൻസ് കമ്മിറ്റി കൂടുകയും ചെയ്തു. എന്നാൽ സ്ഥലവിലയെ ക്കുറിച്ചും പുനരധിവാസത്തെക്കുറിച്ചും ഒരു ധാരണയായതിനെത്തുടർന്ന് സമരം താൽക്കാലികമായി മാറ്റിവച്ചു. പിന്നീട് നടത്തിയ പല ചർച്ചകളെ ത്തുടർന്ന് പല തീരുമാനങ്ങളുമുണ്ടായെങ്കിലും കൂടുതൽ ചർച്ചകൾ ഗവൺമെന്റ് തലത്തിൽ ആവശ്യമുണ്ട്. സ്ഥലത്തിനു വില വളരെയേറെ വർദ്ധിച്ചു വരുന്നു. സീപോർട്ട്, എയർപോർട്ട് റോഡുകൾ ഉൾപ്പെടെ ഒരുപാട് ഡെവലപ്മെന്റ് വന്നു. ഭൂ ഉടമകൾ വച്ച സജഷൻസ് അനുസരിച്ചുള്ള ഗ്രീവൻസ് കമ്മിറ്റിയുടെ പ്രൊപ്പോസൽ ഗവൺമെന്റിന് അയച്ചുതന്നിട്ടുണ്ട്. അത് ഉന്നതാധികാര സമിതിയിൽവച്ച് ഗവൺമെന്റ് തലത്തിൽ ചർച്ച ചെയ്ത് മാക്സിമം വില നൽകി അവരെ സഹായിക്കുന്നതാണ്. സ്ഥലമുടമ

കളുടെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ടുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സ്മാർട്ട് സിറ്റി നിർമ്മാണത്തെ സംബന്ധിച്ച് ദുബായിൽവച്ച് ദുബായ് അധികൃതരുമായി നടത്തിയ ചർച്ച വളരെ പുരോഗതിയിലാണ്. മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയതിനു ശേഷം എത്രയും പെട്ടെന്ന് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട സ്ഥലമുടമകളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് ഒരു റീഹാബിലിറ്റേഷൻ പദ്ധതി ആ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(8) ഓപ്പൺ സ്കൂളുകളിലെ ഫീസ് ഘടന

ശ്രീ. കെ.ടി. ജലീൽ: കേരളത്തിലെ ഉന്നത വിദ്യാഭ്യാസ പഠനത്തിന് റെഗുലർ ഹയർ സെക്കന്ററി സംവിധാനം പ്രയോജനപ്പെടുത്താൻ കഴിയാത്ത പതിനായിരക്കണക്കിന് ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾ ഫീ ഇനത്തിലും പ്രൈവറ്റ് രജിസ്ട്രേഷൻ ഫീ ഇനത്തിലും വർദ്ധിച്ച ഫീസാണ് നൽകുന്നത്. അതുപോലെ 145 രൂപ പരീക്ഷാഫീസും അടയ്ക്കണം. റെഗുലർ സ്കൂളുകളിൽ സയൻസ് ഗ്രൂപ്പിന് 2 വർഷത്തേയ്ക്ക് 485 രൂപ അടയ്ക്കുമ്പോൾ അവർക്ക് പൂർണ്ണമായ ക്ലാസ്സുകളും സ്ഥിരമായ ലാബ് സൗകര്യങ്ങളും ലഭിക്കുന്നുണ്ട്. എന്നാൽ ഇതൊന്നും ലഭിക്കാത്ത ഓപ്പൺ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2 വർഷത്തേയ്ക്കുള്ള ഫീസ് മൊത്തമായി 3235 രൂപ അടയ്ക്കേണ്ടതുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിൽ മാനേജ്മെന്റ് ക്വാട്ട പ്രയോജനപ്പെടുത്താൻ കഴിയാത്ത പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്കാണ് ഇങ്ങനെ അടയ്ക്കേണ്ടി വരുന്നത്. ഓപ്പൺ സ്കൂളുകളിൽ ഫീസ് അടയ്ക്കേണ്ട അവസാന തീയതി 10.10.2006 ആണ്. അതുകൊണ്ട് ഫീ ഘടനയിലും മറ്റ് കാര്യങ്ങളിലും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ( ശ്രീ. എം.എ. ബേബി): സംസ്ഥാനത്ത് ഓപ്പൺ സ്കൂളുകളിൽ രണ്ട് തരത്തിലുള്ള പഠന ങ്ങളാണ് നടക്കുന്നത്. ഓപ്പൺ റെഗുലർ സമ്പ്രദായ പ്രകാരം പഠനം നടത്തുന്നവരും ഓപ്പൺ പ്രൈവറ്റ് എന്ന നിലയിൽ പഠനം നടത്തുന്നവരു മുണ്ട്. ഓപ്പൺ റെഗുലർ വിദ്യാർത്ഥികൾക്ക് സമ്പർക്ക ക്ലാസ് സൗകര്യവും സയൻസ് വിഷയങ്ങളിൽ പ്രായോഗിക പഠനം ആവശ്യമുള്ളവർക്ക് അതിനുള്ള സൗകര്യവും പഠന സാമഗ്രികളും നല്കുന്നുണ്ട്. കഴിഞ്ഞ കുറേ നാളുകളായി നിലനില്ക്കുന്ന ഫീസ് ഘടനയിൽ മാറ്റമുണ്ടാകണമെന്ന ആവശ്യം വിദ്യാർത്ഥി സംഘടനകളും പാരലൽ കോളേജ് നടത്തുന്നവരുടെ പ്രതിനിധികളും ഉന്നയിച്ചിട്ടുണ്ട്. പത്താം തീയതിയാണ് ഫൈൻ ഇല്ലാതെ ഫീസ് അടയ്ക്കേണ്ട അവസാന ദിവസം. ബഹുമാനപ്പെട്ട മെംബർ ഇവിടെ ഉന്നയിച്ച ആവശ്യം അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തശേഷം അധികം വൈകാതെ തീരുമാനം കൈക്കൊള്ളുന്നതാണ്. പണം അടയ്ക്കാനുള്ള തീയതിയെ സംബന്ധിച്ചും ഒരു പുന:ക്രമീകരണം ഏർപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

(9) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ.എ.പ്രദീപ്കുമാർ: മെഡിക്കൽ കോളേജിന്റെ സ്റ്റാറ്റസിൽ ആരംഭിച്ചതും ഇന്ന് പാവപ്പെട്ട രോഗികളുടെ ഏക ആശ്രയമായതും വിശാലമായ കാമ്പസ് സൗകര്യങ്ങളും മെഡിസിൻ, ഗൈനക്കോളജി, ഇ.എൻ.ടി., ഓർത്തോ തുടങ്ങി 16 ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിച്ചു വരുന്നതും 23 വാർഡുകളിലായി 550 ഓളം ബെഡ് സ്ട്രെങ്ത് ഉള്ളതുമായ കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരോഗ്യ മേഖലയിൽ സ്വീകരിച്ച നയത്തിന്റെ ഫലമായി നാശോന്മുഖമായി

ക്കൊണ്ടിരിക്കുകയാണ്. രോഗികളുടെ എണ്ണത്തിനനുസരിച്ച് ഡോക്ടർ മാരുടേയും മറ്റ് സ്റ്റാഫിന്റെയും എണ്ണം വർദ്ധിപ്പിച്ച് ആവശ്യത്തിന് എക്സ്–റേ അടക്കമുള്ള ഉപകരണങ്ങൾ നൽകി ഈ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ മാത്രമല്ല കേരളത്തിലെ സർക്കാർ ആശുപത്രികൾക്കു പൊതുവെ തന്നെ വളരെയേറെ പരിമിതികളും ശോച്യാവസ്ഥകളുമുണ്ട്. ഈ ആശുപത്രികളുടെ ഇന്നത്തെ സ്ഥിതി മാറ്റി നല്ല നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരിക എന്നുള്ളത് ഒരു ഹെർക്കൂലിയൻ ടാസ്ക്കാണ്. ക്രമേണ എല്ലാ സർക്കാർ ആശുപത്രി കളുടെയും പരാധീനതകൾ മാറ്റിയെടുക്കണം. ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും ഷോർട്ടേജ് പരിഹരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. 1961–ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഇപ്പോഴും സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നത്. ആ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിലവിലുള്ള ബെഡ് സ്ട്രെങ്ത്തിന് ഇപ്പോഴുള്ള ഡോക്ടർമാരും നഴ്സുമാരും അപര്യാപ്തമാണ് എന്നുള്ള കാര്യം ക്യാബിനറ്റ് ചർച്ച ചെയ്തതാണ്. കേരളത്തിലെ 40 ശതമാന ത്തിലധികം വരുന്ന പാവപ്പെട്ടവർ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളുടെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉത്തരവാദിത്വം ഗവൺമെന്റിന്റേതായതു കൊണ്ട് തീർച്ചയായും ഭാവിയിൽ ഡോക്ടർ മാരുടെയും മറ്റ് സ്റ്റാഫിന്റെയും ഷോർട്ടേജ് പരിഹരിക്കുന്നതിന് ശ്രമിക്കണമെന്നുള്ളതുതന്നെയാണ് ഈ ഗവൺമെന്റിന്റെ തീരുമാനം. നിലവിലുള്ള തസ്തികകൾ എത്രയും പെട്ടെന്ന് നികത്തണമെന്നും

ജീവനക്കാരേയും ഡോക്ടർമാരേയും പോസ്റ്റ് ചെയ്യണ മെന്നും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. പ്രൊമോഷൻ നടന്നു കഴിഞ്ഞു. ആ വേക്കൻസികളിൽ ഉദ്യോഗാർത്ഥികളെ പോസ്റ്റ് ചെയ്യാൻ പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. 189 പേരെ പത്ത് ദിവസത്തിനുള്ളിൽ പോസ്റ്റ് ചെയ്യും. ഒൻപത് പേരെ പോസ്റ്റ്ചെയ്തുകഴിഞ്ഞു. കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ 500 കിടക്കകളും ആയിരത്തി അഞ്ഞൂറോ രണ്ടായിരമോ രോഗികളുമാണുള്ളത്. അവിടെ ഇപ്പോൾ ശസ്ത്രക്രിയാവിദഗ്ദ്ധരായ രണ്ട് സിവിൽ സർജന്മാരും നാല് അസിസ്റ്റന്റ് സിവിൽ സർജന്മാരും ഉണ്ട്. സർജറി വിഭാഗത്തിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഇപ്പോൾ നിലവിലില്ല. എന്നാൽ ഡെപ്യൂട്ടി ഡി.എച്ച്.എസ്.ന്റെ റാങ്കിലുള്ള ഡെപ്യൂട്ടി സൂപ്രണ്ടിന്റെ ഒഴിവുള്ളതിൽ അടുത്തു തന്നെ നിയമനം നടത്താനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അറ്റന്റർ ഗ്രേഡ് I&II, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകൾ നികത്തേണ്ടതുണ്ട്. ചട്ടങ്ങളിൽ ഭേദഗതി വരുത്തി എത്രയും പെട്ടെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു വിട്ടുകൊടുത്ത പി.എച്ച്.സി., സിഎച്ച്.സി. പോലെയുള്ള ആശുപത്രികൾക്ക് ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിന്റേയും മുനിസിപ്പൽ ചെയർമാന്റേയും മെഡിക്കൽ ഓഫീസറുടെയും നേതൃത്വത്തിൽ പി.എസ്.സി. ലിസ്റ്റു വരുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പാർട്ട് ടൈം സ്വീപ്പർമാരുടെ ഒഴിവുള്ള തസ്തികകൾ അവിടത്തെ സൂപ്രണ്ടിന്റെയും ബഹുമാനപ്പെട്ട മേയറുടെയും സാന്നിദ്ധ്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റു വാങ്ങി നിയമനം നടത്താനാണ് തീരുമാനി

ച്ചിട്ടുള്ളത്. ഓപ്പറേഷൻ തിയേറ്ററുകളിൽ ജനറേറ്റർ സൗകര്യമുണ്ട്. എക്സ്റേ മെഷീന്റെ പ്രവ്രർത്തനം കാര്യക്ഷമമാണ്. അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീനും പ്രവർത്തനസജ്ജമാണ്. അഡ്മിനിസ്ട്രേഷന്റെ ഭാഗത്തുനിന്നും കുറച്ചുകൂടി ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്. ഓരോ ഹോസ്പിറ്റലിന്റെയും അഡ്മിനിസ്ട്രേഷൻ ഫലപ്രദമല്ലെങ്കിൽ സ്ഥിതി വളരെ ഗുരുതരമായി തീരും എന്നുള്ളത് കണക്കിലെടുത്ത് കേരളത്തിലാകെയുള്ള സർക്കാർ ആശുപത്രികളുടേയും ഒപ്പം ബീച്ച് ജനറൽ ആശുപത്രിയുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ അടിയന്തിര ശ്രദ്ധ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

(10) <u>കൊഴിഞ്ഞാമ്പാറ സർക്കാർ കോളേജിലെ വേതന പ്രശ്നങ്ങൾ</u>

<u>ശ്രീ. കെ. അച്ചുതൻ:</u> 2005 ഒക്ടോബർ 9-ാം തീയതി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടക്കം കുറിച്ചതും 15 ഏക്കർ സഥലവും ഫർണിച്ചറും സ്വന്തമായുള്ളതുമായ കൊഴിഞ്ഞാമ്പാറ സർക്കാർ കോളേജിൽ ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ലഭിക്കാത്തതിനെത്തുടർന്ന് അധ്യാപകർക്ക് ഒന്നുരണ്ട് മാസമായി ശമ്പളം കിട്ടുന്നില്ല. കൊഴിഞ്ഞാമ്പാറയിലെ ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജിന്റെ പ്രവർത്തനം ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ലഭ്യമാക്കി എത്രയും വേഗം നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

. വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി</u>): കഴിഞ്ഞ വർഷം ജൂലായ് 22-നാണ് കൊഴിഞ്ഞാമ്പാറയിൽ സർക്കാർ കോളേജ് ആരംഭിക്കാൻ ഉത്തരവിറക്കിയത്. അവിടെ ഇപ്പോൾ 15 ഗസ്റ്റ് ലക്ചറേഴ്സാണുള്ളത്. പ്രിൻസിപ്പാളിന്റെ ഒരു തസ്തികയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. വിവിധ കോഴ്സുകളിലായി 176 വിദ്യാർത്ഥി

കളാണുള്ളത്. മുൻ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ഈ ഗവൺമെന്റ് കോളേജിൽ ഇതുമായി ബന്ധപ്പെട്ട് ചില തടസ്സവാദങ്ങൾ അക്കൗണ്ടന്റ് ജനറൽ ഉന്നയിക്കുകയുണ്ടായി. ഈ ഗവൺമെന്റ് ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ഈ പ്രശ്നങ്ങൾ പഠിക്കാൻ ശ്രമിക്കുകയും ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ മറികടക്കാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു. അവിടെ താൽക്കാലികമായി നിയമിച്ചിട്ടുള്ള അദ്ധ്യാപകർക്കും മറ്റും ശംപളം കിട്ടാത്ത ദുരവസ്ഥ പരിഹരിക്കാൻ അടിയന്തിര നടപടി ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(11) <u>കൊന്നത്തടി പഞ്ചായത്തിലുണ്ടായ ഉരുൾപൊട്ടൽ</u>

<u>ശ്രീ.റോഷി അഗസ്റ്റിൻ:</u> ഇടുക്കി ജില്ലയിലെ കൊന്നത്തടി പഞ്ചായത്തിൽ 7-10-06-ന് രാത്രി ഉണ്ടായ ഉരുൾ പൊട്ടലിനെത്തുടർന്ന് ജോസ് വാരാപ്പള്ളിയുടെ 16 വയസ്സുള്ള മകൾ മരണപ്പെടുകയും വീട് നഷ്ടപ്പെടുകയും ചെയ്തു. ആ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനും സ്വന്തമായി സ്ഥലമില്ലാത്തതിനാൽ വീടും സ്ഥലവും നൽകാനും അടിയന്തിര നടപടി സ്വീകരിക്കണം. നാച്വറൽ കലാമിറ്റിയിൽ വീട് നഷ്ടപ്പെടുന്നവർക്ക് കൊടുക്കുന്ന തുക വർദ്ധിപ്പിക്കണം. അതുപോലെ അടിമാലിയിൽ വെള്ളപ്പാച്ചിലിൽപ്പെട്ട് മരണമടഞ്ഞ ആളിന്റെ കുടുംബത്തിനും നഷ്ടപരിഹാരം നൽകണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>): സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ ധാരാളം അപകടങ്ങൾ സംഭവിക്കുകയും 155 പേർ മരണപ്പെടുകയും ചെയ്തു. ഉരുൾപൊട്ടലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം ശരിയാണ്. അനുമതി വാങ്ങാതെ കേബിൾ ഇടാൻ ബി.എസ്.എൻ.എൽ. വലിയ കിടങ്ങുകൾ കുഴിച്ചിട്ടിരുന്നതുമൂലമാണ് ഈ

ദുരന്തമുണ്ടായത്. അതുകൊണ്ട് ബി.എസ്.എൻ.എൽ.ന് അടിയന്തിരമായി നോട്ടീസ് കൊടുക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കുറ്റകരമായ അനാസ്ഥയാണ് അവർ ചെയ്തിട്ടുള്ളത്. മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് ഇപ്പോൾ കൊടുക്കാൻ കഴിയുന്ന 50,000 രൂപ ഉടൻ തന്നെ എത്തിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കുടുംബത്തിന് വീടും സ്ഥലവും കൊടുക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുക്കാം അടിമാലിയിൽ ഉണ്ടായ സംഭവത്തിൽ മരണപ്പെട്ട ആളുടെ കുടുംബത്തിനും 50,000 രൂപ നൽകാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(12) <u>അൽ-ഷിഫാ കോളേജിലെ ഉയർന്ന ഫീസും കോഷൻ ഡെപ്പോസിറ്റും</u>

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> മെഡിക്കൽ, ദന്തൽ ഒഴികെയുള്ള മുഴുവൻ കോഴ്സുകളിലേയ്ക്കും മാക്സിമം കോഷൻ ഡെപ്പോസിറ്റ് ആയി പ്രവേശന സമയത്ത് കുട്ടികളിൽനിന്നും 5000 രൂപ മാത്രമേ ഈടാക്കാൻ പാടുള്ളു എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പെരിന്തൽമണ്ണ അൽ-ഷിഫാ നഴ്സിംഗ് കോളേജ് ഒരു കുട്ടിയിൽനിന്ന് 10,000 രൂപയാണ് ഈ ഇനത്തിൽ ഈടാക്കിയിട്ടുള്ളത്. സർക്കാർ മെറിറ്റ് സീറ്റിൽ മെഡിക്കൽ കോളേജിൽ 12,000 രൂപയും നഴ്സിംഗ് കോളേജിൽ 50,000 രൂപയും പഠനത്തിനായി ഈടാക്കുന്ന സ്ഥാനത്ത് പെരിന്തൽമണ്ണ അൽ-ഷിഫാ കോളേജ് ബി.എസ്‌സി. നഴ്സിംഗ് വിദ്യാർത്ഥികളിൽനിന്നും 20,000 രൂപയോളം അനധികൃതമായ രീതിയിൽ ഈടാക്കുകയാണുണ്ടായത്. അതുപോലെതന്നെ മേരി മാതാ കോളേജ് 38,700 രൂപയ്ക്കുപുറമേ 30,000 രൂപയോളം കൂടുതലായി വാങ്ങുന്നു. സർക്കാരിന്റെ സമവായ ചർച്ചകൾ പൊളിച്ചുകൊണ്ട് മെഡിക്കൽ കോളേജുകളിൽ 40 ശതമാനം സീറ്റിൽ സർക്കാർ ഫീസ് അനുവദിക്കുക യില്ലെന്നും വിദ്യാർത്ഥികളിൽനിന്നും അധികമായി വാങ്ങിയ തുക

തിരിച്ചുനൽകുകയില്ല എന്നുമുള്ള മാനേജുമെന്റുകളുടെ നിലപാടിനെതിരെ സർക്കാർ ഇടപെട്ട് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും 10,000 രൂപ കോഷൻ ഡെപ്പോസിറ്റ് അടയ്ക്കണമെന്ന ജസ്റ്റിസ് കെ.ടി. തോമസ് കമ്മിറ്റിയുടെ വ്യവസ്ഥ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയ ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റി എം.ബി.ബി.എസ്, ദന്തൽ കോഴ്സുകൾക്ക് മാത്രമായി 10,000 രൂപയും മറ്റ് കോഴ്സുകൾക്കെല്ലാം ജസ്റ്റിസ് കെ.ടി. തോമസ് കമ്മിറ്റി വ്യവസ്ഥ ചെയ്തിട്ടുള്ള കോഷൻ ഡെപ്പോസിറ്റിന്റെ നേർപകുതിയും മാത്രമേ ഈടാക്കാൻ പാടുള്ളു എന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനു വിരുദ്ധമായി കോഷൻ ഡെപ്പോസിറ്റോ മറ്റെന്തെങ്കിലും പേരുകളിൽ കൂടുതൽ തുകയോ ഏതെങ്കിലും സ്വകാര്യ-സ്വാശ്രയ കോളേജുകൾ ഈടാക്കുകയാണെങ്കിൽ 2006-ലെ സ്വാശ്രയ നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ഇത്തരം സ്ഥാപനങ്ങളുടെ പേരിൽ സർക്കാർ കർശന നടപടി സ്വീകരിക്കുന്നതാണ്. 40 ശതമാനം സീറ്റിൽ സർക്കാർ ഫീസ് അനുവദിക്കുക എന്ന തീരുമാനം സ്വാശ്രയ മാനേജുമെന്റുകൾ നടപ്പിലാക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരും മാനേജുമെന്റുകളും തമ്മിൽ പരസ്പരമുണ്ടായിട്ടുള്ള ധാരണയിൽനിന്ന് പിന്മാറാൻ മാനേജുമെന്റുകളെ അനുവദിക്കുകയില്ല. ഈ പരാതി ശരിയാണെന്നു കണ്ടാൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(13) കാസർകോട് പെരഡാല സഹകരണ ബാങ്കിലെ കൊലപാതകം

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> കാസർകോട് നിയോജകമണ്ഡലത്തിലെ പെരഡാല സഹകരണ ബാങ്കിൽ 8.10.2006–ന് പുലർച്ചെ നടന്ന കവർച്ചാശ്രമത്തിന്റെ ഭാഗമായി വാച്ച്മാനെ കാലുകൾ കൂട്ടിക്കെട്ടി വായിൽ തുണി തിരുകി ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തുകയുണ്ടായി. അവിടെ പാൽ വിതരണത്തിനെത്തിയ വാഹനം അന്ന് നേരത്തേ വന്നതിനാൽ കവർച്ചാശ്രമം വിഫലമാവുകയും ഡ്രൈവറേയും ക്ലീനറേയും ആക്രമിച്ച് കവർച്ചാസംഘം രക്ഷപ്പെടുകയും ചെയ്തു. സഹകരണ ബാങ്കുകളിൽ സെക്യൂരിറ്റി സ്റ്റാഫിനെ നിയമിക്കാൻ നിയമം അനുവദിക്കുന്നില്ലെങ്കിലും താല്ക്കാലിക സംവിധാന മെന്ന നിലയിലാണ് അദ്ദേഹം അവിടെ ജോലി ചെയ്തിരുന്നത്. സഹകരണ സ്ഥാപനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സെക്യൂരിറ്റി സ്റ്റാഫിനെ നിയമിക്കുന്നതിന് സഹകരണ വകുപ്പുമന്ത്രിയുമായി ആലോചിച്ച് അടിയന്തിര നടപടി സ്വീകരിക്കണം. കാസർകോട് നീലേശ്വരത്തെ നാരായണൻ നായർ വധവും പനയാലിലെ വിനോദ് കുമാർ വധവും നടന്നിട്ട് വളരെ കാലങ്ങളായെങ്കിലും കേസ് തെളിയിക്കപ്പെട്ടിട്ടില്ല. ഈ ജില്ലയിൽ വ്യാപകമായി നടന്നുവരുന്ന കവർച്ച തടയുന്നതിനും വാച്ച്മാനെ കൊലപ്പെടുത്തിയ പ്രതികളെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> 8–10–2006–ന് കാസർകോട് പെരഡാല സഹകരണ ബാങ്കിലെ വാച്ച്മാനെ കൈകാലുകൾ ബന്ധിച്ച് വായിൽ തുണി തിരുകി കൊലപ്പെടുത്തിയ നിലയിൽ കാണപ്പെട്ടതിനെത്തുടർന്ന് ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം ബദിയടുക്ക പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജ്

ആശുപത്രിയിലാണ് മൃതശരീരം പോസ്റ്റുമോർട്ടം ചെയ്തിട്ടുള്ളത്. പെരഡാല സഹകരണ ബാങ്ക് കവർച്ചാശ്രമത്തിന്റെ ഭാഗമായാണ് വാച്ച്മാൻ കൊല ചെയ്യപ്പെട്ടിട്ടുള്ളത്. ഇക്കാര്യത്തിൽ നർക്കോട്ടിക് സെൽ ഡിവൈ.എസ്.പി. യുടെ നേതൃത്വത്തിൽ ഏഴംഗ ടീമിനെ ചുമതലപ്പെടുത്തി കേസന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. ഇതിനുമുമ്പുണ്ടായിട്ടുള്ള രണ്ട് സംഭവങ്ങളിലും പ്രതികളെ കണ്ടുപിടിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇക്കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്. സഹകരണ ബാങ്ക് വാച്ച്മാൻമാരുടെ രാത്രികാലങ്ങളിലെ സേവനം ഗൗരവമായി കണക്കിലെടുത്ത് അവരെ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ക്രമീകരണം സഹകരണ വകുപ്പുമായി ആലോചിച്ച് നടത്തുന്നതാണ്.

<u>മി. സ്പീക്കർ</u>: മംഗലാപുരത്ത് നടക്കുന്ന കലാപവുമായി ബന്ധപ്പെട്ട് മലയാളികൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഇക്കാര്യം ഉന്നയിക്കാൻ ശ്രീ. സി.എച്ച്. കുഞ്ഞമ്പുവിനുപുറമേ സർവ്വശ്രീ വി.എൻ. വാസവൻ, പി.സി. വിഷ്ണുനാഥ്, രാജു എബ്രഹാം, ജോസഫ് എം. പുതുശ്ശേരി, തോമസ് ചാഴികാടൻ എന്നീ അംഗങ്ങളും സബ്മിഷൻ എഴുതി തന്നിട്ടുണ്ട്.

(14) <u>മംഗലാപുരത്ത് നടക്കുന്ന കലാപം</u>

<u>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:</u> കർണ്ണാടകയിൽ നിസ്സാര പ്രശ്നത്തെത്തുടർന്ന് പൊട്ടിപ്പുറപ്പെട്ട കലാപത്തിന്റെ ഫലമായി ബന്ദും ഹർത്താലും കർഫ്യൂവുമായി ജനജീവിതം ആകെ സ്തംഭിച്ചിരിക്കുകയാണ്. കഴിഞ്ഞ ഒന്നുരണ്ട് ദിവസമായി മംഗലാപുരത്ത് നടന്ന കലാപം കേരളത്തിന്റെ അതിർത്തി പ്രദേശമായ മഞ്ചേശ്വരത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കും വ്യാപിക്കാനിടയായി. കർണ്ണാടകയിൽനിന്ന് വന്നവരും അവരെ സഹായി

ക്കുന്ന കേരളത്തിലെ വർഗ്ഗീയ സംഘടനകളും ചേർന്ന് നടത്തിയ അക്രമത്തിൽ 6 കടകളും 3 വീടുകളും കല്ലെറിഞ്ഞ് തകർക്കുകയും 4 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. കർണ്ണാടകയിൽ കുടുങ്ങിപ്പോയ കേരളത്തിലെ ഏതാനും വിദ്യാർത്ഥികളെ രക്ഷപ്പെടുത്താൻ പോയ പോലീസ് വാഹനം ആക്രമിക്കുകയും ഒരു പോലീസ് കോൺസ്റ്റബിളിന് പരിക്കേൽക്കുകയും ചെയ്തു. വർഗ്ഗീയ വാദികളുടെ അഴിഞ്ഞാട്ടത്തിന്റെ ഫലമായി ഗൾഫ് യാത്രക്കാരും വിദ്യാർത്ഥികളും രോഗികളും വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഭക്ഷ്യധാന്യങ്ങളും പച്ചക്കറികളും എത്താത്തതിനാൽ അവിടെ ആവശ്യമായ ഭക്ഷണം ലഭിക്കുന്നില്ല; ആളുകൾക്ക് പുറത്തിറങ്ങാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. ഈ ആക്രമണത്തെ നേരിടുന്നതിനാവശ്യമായ പോലീസ് സേനയെ വിന്യസിക്കുകയും അവിടെ അകപ്പെട്ടുപോയ കേരളത്തിൽനിന്നുള്ള വിദ്യാർത്ഥികളെ രക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. ആഭ്യന്തരവകുപ്പുമന്ത്രി നേരിട്ടിടപെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി അക്രമം വ്യാപിക്കാതിരിക്കൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ.കോടിയേരി ബാലകൃഷ്ണൻ):</u> കേരളത്തിന്റെ വടക്കൻ അതിർത്തിയിലുള്ള ഗുരുതരമായ പ്രശ്നത്തെ സംബന്ധിച്ച് സർവ്വശ്രീ വി.എൻ. വാസവൻ, പി.സി. വിഷ്ണുനാഥ്, രാജു എബ്രഹാം, ജോസഫ് എം. പുതുശ്ശേരി, തോമസ് ചാഴികാടൻ, കെ.വി. അബ്ദുൾ ഖാദർ എന്നീ അംഗങ്ങൾ കത്ത് നൽകിയിട്ടുണ്ട്. 4–10–2006–ൽ മംഗലാപുരത്തുണ്ടായ ബന്ദും കേരളാതിർത്തിയായ തലപ്പാടിയിലും പരിസരത്തും ഉണ്ടായ അക്രമവും കേരളത്തിലേയ്ക്ക് വ്യാപിക്കുന്നത് തടയുന്നതിനായി അതിർത്തി പ്രദേശത്ത് ശക്തമായ പോലീസ് പട്രോളിംഗും

പിക്കറ്റിംഗും ഏർപ്പെടുത്തുകയും കൂടുതൽ പോലീസിനെ വിന്യസിക്കുകയും പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് ഹെഡ്ക്വാർട്ടേഴ്സിൽനിന്ന് സീനിയർ ഉദ്യോഗസ്ഥർക്ക് ജാഗ്രതാ സന്ദേശങ്ങളും അയച്ചിട്ടുണ്ട്. ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ കണ്ടെത്തുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറിയേയും പോലീസ് ഡയറക്ടർ ജനറലിനേയും വിളിച്ചുകൂട്ടി മുഖ്യമന്ത്രി തലത്തിൽ ചർച്ച നടത്തുകയും അതനുസരിച്ച് ആഭ്യന്തര വകുപ്പുമന്ത്രി എന്ന നിലയിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ഞാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കർണ്ണാടക പോലീസ് ഡയറക്ടർ ജനറൽ, മംഗലാപുരം പോലീസ് സൂപ്രണ്ട്, മറ്റ് സീനിയർ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുമായി കേരളത്തിലെ ഉയർന്ന ഉദ്യോഗസ്ഥർ നേരിട്ട് ബന്ധപ്പെടുകയും പ്രശ്ന പരിഹാരത്തിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണെന്ന് അവർ ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. മംഗലാപുരത്തും പരിസരത്തും പഠിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും കേരളത്തിലേയ്ക്ക് വരാനാഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്യുന്നതാണെന്ന് കർണ്ണാടക പോലീസ് ഉറപ്പ് നൽകിയിട്ടുണ്ട്. കലാപത്തെത്തുടർന്ന് രക്ഷിതാക്കളോടൊപ്പം നാട്ടിലേയ്ക്ക് തിരിച്ച വിദ്യാർത്ഥികൾ മംഗലാപുരത്ത് അകപ്പെട്ടുപോയ വിവരം ലഭിച്ചതിനെത്തുടർന്ന് അവരെ പോലീസ് എസ്കോർട്ടോടുകൂടി സുരക്ഷിതമായി എത്തിച്ചിട്ടുണ്ട്. കർണ്ണാടക പോലീസിന്റെ സഹായത്തിനായി ഹെൽപ്പ് ലൈനിൽ ബന്ധപ്പെടാനാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും കേരളത്തിലെ ഡി.ജി.പി. യും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും നിരന്തരം ബന്ധപ്പെടുകയും ചെയ്തുവരുന്നു. ആവശ്യമായ ഫോഴ്സിനെ അവിടേയ്ക്ക്

അയയ്ക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേരളത്തിലേയ്ക്ക് ഈ കലാപം വ്യാപിക്കാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കുന്നുണ്ട്. അവിടെയുള്ള ജനപ്രതിനിധികൾ ഇടപെട്ടുകൊണ്ട് ബന്ധപ്പെട്ടവരെ വിളിച്ചുകൂട്ടി സമാധാന പ്രവർത്തനത്തിലേർപ്പെടാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേരളം ഇക്കാര്യത്തിൽ എല്ലാ ജാഗ്രതയും പാലിക്കുന്നതാണ്.

(15) <u>പേരാവൂരിൽ 110 കെ.വി. സബ്സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം</u>

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u>: വൈദ്യുതീകരണത്തിന്റെ കാര്യത്തിൽ വളരെയേറെ പിന്നോക്കംനിൽക്കുന്ന പേരാവൂരിൽ 1996–97–ൽ മിനിമം ഗ്യാരന്റി വച്ച പ്രവൃത്തി അടക്കം ബാക്കിനിൽക്കുകയാണ്. വോൾട്ടേജ് ക്ഷാമം ഈ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുഭവിക്കുന്നുണ്ട്. ഒൻപത് പഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയും അടങ്ങിയ ഈ മണ്ഡലത്തിൽ ഒരു 66 കെ.വി. സബ്സ്റ്റേഷൻ മാത്രമേയുള്ളു. 11 കെ.വി. ഫീഡറിൽ നിന്നാണ് ഇത്രയും വിസൃതിയുള്ള പ്രദേശത്തേയ്ക്ക് വൈദ്യുതി എത്തിക്കുന്നത്. ഇതിനു തകരാറുണ്ടായാൽ ദിവസങ്ങളോളം വൈദ്യുതി മുടങ്ങും. അതുകൊണ്ട് ഈ മണ്ഡലത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ അനുവദിക്കുന്നതിന് ആൾട്ടർനേറ്റീവ് 11 കെ.വി. ലൈനുകൾ അനുവദിച്ച് ഫീഡറുകൾ ശക്തമാക്കി വൈദ്യുതീകരണപ്രക്രിയ ത്വരിതപ്പെടുത്തണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ.എ.കെ ബാലൻ):</u> പേരാവൂർ മണ്ഡലത്തിലെ ഇരുട്ടിയിൽ 21 മെഗാവാട്ടിന്റേയും 4 മെഗാവാട്ടിന്റേയും 2 ചെറുകിട വൈദ്യുതപദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് കിട്ടുന്നതിനുവേണ്ടി ബന്ധപ്പെട്ട കേന്ദ്ര മന്ത്രിയെക്കണ്ട് ആവശ്യമായ നടപടികൾ സ്വീക

രിച്ചു.  ഇതിന്റെ ഭാഗമായി നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനാക്കാൻ തീരുമാനിക്കുകയാണ്.

ദേശീയസുരക്ഷാ ഇൻഷ്വറൻസ് സംബന്ധിച്ച് ധനകാര്യ. വകുപ്പു സെക്രട്ടറി ചെയർമാനായ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് ഇറക്കിയ ഉത്തരവ്

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഞാൻ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ദേശീയ സുരക്ഷാ ഇൻഷ്വറൻസ് സംബന്ധിച്ച കേന്ദ്ര ആരോഗ്യവകുപ്പ് സെക്രട്ടറി അയച്ച കത്ത് മേശപ്പുറത്തു വച്ചിരുന്നു. സംസ്ഥാന ധനകാര്യ വകുപ്പ് സെക്രട്ടറി ചെയർമാൻ ആയ കമ്മിറ്റിയുടെ ശുപാർശ ഗവൺമെന്റ് പരിശോധിച്ച് ക്യാബിനറ്റ് അംഗീകരിച്ചതനുസരിച്ച് ഇറക്കിയ ഉത്തരവ് ഇപ്പോൾ ലഭ്യമായിട്ടുള്ളതിനാൽ മേശപ്പുറത്തു വയ്ക്കുക യാണ്.

**ധനകാര്യം**

2006–2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV – പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം

(421,94,73,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

(41,85,39,000 രൂപ)

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): പട്ടികജാതി /പട്ടിക വർഗ്ഗ /മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ അടൂർ പ്രകാശ്, കെ.സി.ജോസഫ്, ടി.എൻ. പ്രതാപൻ, എ.പി. അനിൽകുമാർ, എം.എ. വാഹീദ്, വി.ഡി. സതീശൻ, കെ.ബാബു, ആര്യാടൻ മുഹമ്മദ്, കെ.കെ. ഷാജു, അബ്ദുറഹിമാൻ രണ്ടത്താണി, എം.ഉമ്മർ, കെ.മുഹമ്മദുണ്ണി ഹാജി, റോഷി അഗസ്റ്റിൻ, സി.ടി. അഹമ്മദ് അലി, വി.കെ. ഇബ്രാഹിംകുഞ്ഞ്, യു.സി.രാമൻ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ.വി.ഡി.സതീശൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനത്തിനും വിതരണത്തിനും ചുമതലപ്പെട്ട വൈദ്യുതി ബോർഡ് ഇന്ന് വലിയ പ്രതിസന്ധിയിലാണ്. കേന്ദ്ര നിയമത്തിനും നയ ത്തിനും അനുസരണമായി കെ.എസ്.ഇ.ബി. കമ്പനിയായി വിഭജിക്കപ്പെടുമോ എന്നത് എല്ലാവരും ഉറ്റുനോക്കുന്ന വിഷയമാണ്. വൈദ്യുതി ബോർഡ് പൊതുമേഖലാസ്ഥാപനമായി നിലനിൽക്കണമെന്നതാണ് യു.ഡി.എഫി.ന്റെ തീരുമാനവും അന്ന് എടുത്ത നടപടിക്രമങ്ങളും. വിവിധ സംസ്ഥാനങ്ങളിലെ വൈദ്യുതി ബോർഡുകൾ കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാക്കി വയ്ക്കുകയും 40 ശതമാനത്തിലേറെ ട്രാൻസ്മിഷൻ ലോസ് ഉണ്ടാക്കുകയും ചെയ്ത സാഹചര്യത്തിലാണ് സാമ്പത്തിക നഷ്ടം ഒഴിവാക്കാൻവേണ്ടി

അവിടത്തെ വൈദ്യുതി ബോർഡുകൾ വിഭജിക്കണമെന്ന നിർദ്ദേശം വന്നത്. കഴിഞ്ഞ 5 വർഷക്കാലം കെ.എസ്.ഇ.ബി. യിൽ നടപ്പാക്കിയ മികച്ച സാമ്പത്തിക മാനേജ്മെന്റും നടപടിക്രമങ്ങളുംകൊണ്ട് റവന്യൂ ഡെഫിസിറ്റ് 1286 കോടി രൂപയിൽനിന്ന് 147 കോടി രൂപയായി കുറഞ്ഞു. നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിയിരുന്ന വൈദ്യുതി ബോർഡിനെ ലാഭത്തിലേയ്ക്ക് മാറ്റാൻ കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് കഴിഞ്ഞു. അതുപോലെതന്നെ ട്രാൻസ്മിഷൻ ലോസ് 32 ശതമാനമായിരുന്നത് 24 ശതമാനമാക്കി കുറച്ചത് യു.ഡി.എഫ്. ഗവണ്മെന്റിന്റെ ഒരു വലിയ നേട്ടമാണ്. 8 ശതമാനം കുറച്ചപ്പോൾത്തന്നെ ഒരു പുതിയ വൈദ്യുത പ്രോജക്ട് ഉണ്ടാക്കുന്നതിന് സമാനമായ രീതിയിൽ ട്രാൻസ്മിഷൻ ലോസ് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. ട്രാൻസ്മിഷൻ ലോസ് 10 ശതമാനം ആക്കി കുറയ്ക്കാൻ കഴിയണം. കേരളത്തിന്റേതായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കെ.എസ്.ഇ.ബി.യെ പൊതുമേഖലാസ്ഥാപനമായി നിലനിർത്തുന്നതിനുവേണ്ടി 3 പ്രാവശ്യം യു.ഡി.എഫ് ഗവൺമെന്റ് എക്സ്റ്റൻഷൻ വാങ്ങിയതാണ്. ഡിസംബർ 9–ാം തീയതി എക്സ്റ്റൻഷൻ പീരീഡ് തീരുകയാണ്. സംസ്ഥാനത്ത് ഇത് തുടർന്നും പൊതുമേഖലാ സ്ഥാപനമായി നിലനിർത്താൻ കഴിയണം. പൊതുമേഖലാ സ്ഥാപനമാണെങ്കിൽ മാത്രമേ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയുകയുള്ളൂ. പൊതുമേഖലയിൽത്തന്നെ വൈദ്യുതി ബോർഡ് നിലനിർത്താനുള്ള തീരുമാനം ഈ ഗവൺമെന്റ് എടുക്കുകയും അത് കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യണം. കഴിഞ്ഞ നാല് മാസമായി വൈദ്യുതി രംഗത്ത് മെറ്റീരിയൽസ് യഥാസമയം വിതരണം നടത്താൻ കഴിയാത്തതുകൊണ്ട് എല്ലാ സ്ഥലത്തും, പ്രത്യേകിച്ച് മലബാർ ജില്ലയിൽ വൈദ്യുതി കണക്ഷൻ

നല്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക പുരോഗതിയിലൂടെ മുന്നോട്ടുപോകാൻ കഴിയണമെങ്കിൽ ഇലക്ട്രിസിറ്റി ബോർഡിനെ ബാധിച്ചിരിക്കുന്ന മാന്ദ്യം ഇല്ലാതാക്കി വരുന്ന 5 വർഷക്കാലം ലോഡ് ഷെഡിംഗ് ഉണ്ടാകുകയില്ലെന്നും വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുകയില്ലെന്നും ഉറപ്പ് നല്കണം. പള്ളിവാസൽ എക്സ്റ്റൻഷൻ, ആറ്റിപ്ര, പൂഴിത്തോട്, വിലങ്ങാട് എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണം. വൈദ്യുത മീറ്ററുകളിൽ നടക്കുന്ന വ്യതിയാനങ്ങൾ അറിയുന്നതിന് കൺസംപ്ഷൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നല്കുന്ന തുക ഫലപ്രദമായി ചെലവഴിക്കുന്നുണ്ടോ എന്നും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടോ എന്നും പരിശോധിക്കണം. ആദിവാസി കൾക്ക് വിതരണം ചെയ്യുന്നതിനായി ആറളം ഫാമിലെ ഭൂമിയും വനഭൂമിയും വിട്ടുകിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണം.

ശ്രീ. ബി. രാഘവൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആധുനിക കാലഘട്ടത്തിൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും പിൻതള്ളപ്പെട്ട പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തെ സമുദ്ധരിക്കുന്നതിനുതകുന്ന പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുവാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രതിജ്ഞാബദ്ധമാണ്. എസ്.എസ്.എൽ.സി.-ക്ക് പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഗൈഡ്, പഠനോപകരണങ്ങൾ എന്നിവ വാങ്ങാൻ തീരുമാനിച്ച വകയിൽ ലോവസ്റ്റ് ടെന്റർ നിരസിച്ചതിന്റെ ഫലമായി ഖജനാവിന് 27 ലക്ഷം രൂപ നഷ്ടപ്പെടു ത്തിയത് പരിശോധനയ്ക്ക് വിധേയമാക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാ ഗങ്ങൾക്ക് വിദ്യാഭ്യാസവും തൊഴിലവസരങ്ങളും നല്കുന്നതിന് അനുയോ

ജ്യമായ നയങ്ങൾ രൂപീകരിക്കണം. അവരുടെ സ്റ്റൈപ്പെന്റും ലംപ്സം ഗ്രാന്റും വർദ്ധിപ്പിക്കണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇവർക്ക് പഠിക്കാനുള്ള അവസരങ്ങൾ ലഭ്യമാക്കണം. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ നവീകരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കണം. ഈ സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ അദ്ധ്യാപകരെ കണ്ടെത്തി സ്പെഷ്യൽ ട്യൂഷനും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആവശ്യമായ സൗകര്യങ്ങളും ഏർപ്പെടുത്തണം. ഈ മേഖലയിൽ വിദ്യാഭ്യാസ സുരക്ഷിതത്വം ഉറപ്പാക്കണം. സംസ്ഥാനത്തെ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള ട്രെയിനിംഗ് സെന്ററുകൾ പുനരുദ്ധരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കണം. ഓരോ ജില്ലയിലും ഓരോ പാരാ മെഡിക്കൽ സെന്ററുകൾ തുടങ്ങാൻ നടപടി സ്വീകരിക്കണം. ഈ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച് അവരുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണണം. സ്വകാര്യ മേഖലയിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണാനുകൂല്യം ഉറപ്പുവരുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം. മിശ്രവിവാഹിതരെ സംബന്ധിച്ച ഓർഡിനൻസ് നിയമമാക്കണം. ആദിവാസി കോളനികളിലെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തണം. ക്രാഫ്റ്റ്സ് ഇൻഡസ്ട്രി മെച്ചപ്പെടുത്താനും ആധുനികവൽക്കരിക്കാനും അടിയന്തിര നടപടി സ്വീകരിക്കണം. ഭൂമി നഷ്ടപ്പെട്ട ആദിവാസികൾക്ക് ഭൂമിയും കൃഷി ചെയ്യുന്നതിന് ധനസഹായവും നൽകണം. മുൻ ഗവൺമെന്റിന്റെ കാലത്ത് പോലീസിന്റെ വെടിയേറ്റ് മരിച്ച ആദിവാസിയുടെ ആശ്രിതർക്ക് ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ ജോലി നല്കണം. അയ്യങ്കാളിയുടെ ജന്മദിനവും ചരമദിനവും പൊതു അവധിയായി പ്രഖ്യാപിക്കുകയും സ്റ്റാമ്പ് ഇറക്കുകയും ചെയ്യണം.

എസ്.സി/എസ്.ടി. വിഭാഗക്കാർക്കുവേണ്ടി ഒരു മെഡിക്കൽ കോളേജ് കേരളത്തിൽ ആരംഭിക്കുകയും അധ:സ്ഥിത ജനവിഭാഗത്തിന്റെ ഉന്നമനത്തിനു വേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി കൂടുതൽ പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണം.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാടിന്റെ വികസനത്തിന് ഒഴിച്ചുകൂടാനാകാത്ത ഒന്നാണ് വൈദ്യുതി. കേരളം ഇന്ന് കടുത്ത വൈദ്യുതി പ്രതിസന്ധിയിലാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് വൈദ്യുതി ക്ഷാമവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിരുന്നില്ല. വാഴൂർ കേന്ദ്രമാക്കി ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കണം. വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കണം. സെക്ഷൻ ഓഫീസുകൾ ഇല്ലാത്തിടത്ത് അവ തുടങ്ങണം. സി.ഡി. പണം അടച്ചവർക്ക് കണക്ഷൻ നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എം.എൽ.എ, എം.പി. ഫണ്ടുപയോഗിച്ച് മുൻകൂർ പണമടച്ച സ്ഥാപനങ്ങൾക്കും മെറ്റീരിയൽസ് ലഭ്യമാക്കണം. കുടിവെള്ള പദ്ധതികൾക്ക് താരിഫ് നൽകണം. പുതിയ ജല വൈദ്യുത പദ്ധതികൾ ആരംഭിക്കണം. ഭവാനി, മാനന്തവാടി പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടും അവ നടപ്പിലാക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നു. സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കണം. സമൂഹത്തിലെ താഴെക്കിടയിലുള്ള ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. മൂന്ന് വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പോഷകാഹാരങ്ങൾ കൊടുക്കുന്ന പദ്ധതി പുനരാരംഭിക്കണം. അംഗൻവാടികളുടെ

ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണണം. ഒരു വയോജന നയം രൂപീകരിക്കണം. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കളെ കണ്ടെത്തി യഥാസമയം അവർക്ക് പെൻഷൻ നൽകണം. കടലാസ് സംഘടനകൾക്കെതിരെ ശക്തമായ നടപടി ഉണ്ടാകണം.

ശ്രീ. എൻ.രാജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ പൊതുവായ വികസനത്തിനും വ്യാവസായിക വികസനത്തിനും വൈദ്യുതിയുടെ പ്രാധാന്യം വളരെ വലുതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് വൈദ്യുതി രംഗത്ത് ഒരു വികസനവും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ ഗവണ്മെന്റിന്റെ കാലത്ത് വൈദ്യുതിയുടെ കാര്യത്തിൽ കേരളം മിച്ച സംസ്ഥാനമായി മാറിയിരിക്കുന്നു. വൈദ്യുതി രംഗത്ത് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. വൈദ്യുതി മോഷണം തടയുന്നതിന് സാധിച്ചു. വൈദ്യുതി മോഷണം തടയുന്നതിനുള്ള നിയമനിർമ്മാണം ഈ ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടെന്ന് പറഞ്ഞതിനെ അഭിനന്ദിക്കുന്നു. ഇലക്ട്രിക്കൽ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായതോടുകൂടി വൈദ്യുതി രംഗത്ത് അപകടങ്ങൾ കുറഞ്ഞുവരികയാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽ വൻ അഴിമതിയായിരുന്നു. ആ വകുപ്പിനായി അനുവദിച്ച ഫണ്ട് മുഴുവൻ ലാപ്സാക്കുകയാണ് ചെയ്തത്. ഈ വകുപ്പിന് ഗുണം ചെയ്യുന്ന ഒരു പ്രവൃത്തിയും കഴിഞ്ഞ ഗവണ്മെന്റ് ചെയ്തിട്ടില്ല. ഈ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി.കളിലെ കോഴ്സുകൾക്ക് എൻ.സി.വി.ടി.യുടെ അംഗീകാരം ലഭ്യമാക്കണം. തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ഐ.ടി.സി.കളിൽ പഠിപ്പിക്കണം. മുത്തങ്ങയിൽ ആദിവാസ സമരവുമായി ബന്ധപ്പെട്ട് മരണമടഞ്ഞ പോലീസുകാരന്റെ കുടുംബത്തെ സഹായിക്കാനുള്ള നടപടി സ്വീകരിക്കണം. എസ്.സി./എസ്.ടി ഹോസ്റ്റലു

കൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കണം. പഞ്ചായത്തുകൾ വഴി കൊടുക്കുന്ന വീടുകൾക്ക് അനുവദിച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കണം. മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട കേസുകൾ പുന:പരിശോധിച്ച് പിൻവലിക്കണം.

<u>ശ്രീ.റോഷി അഗസ്റ്റിൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാടിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ ഒന്നാണ് വൈദ്യുതി. കഴിഞ്ഞ ഗവണ്മെന്റ് 100 ദിവസത്തെ ഭരണത്തിനിടയിൽ സൗജന്യമായും അല്ലാതെയും ധാരാളം വൈദ്യുതി കണക്ഷനുകൾ കൊടുക്കുകയും ചിട്ടയായ മാനേജുമെന്റിലൂടെ 5 വർഷംകൊണ്ട് വൈദ്യുതി ബോർഡിനെ ലാഭത്തിൽ എത്തിക്കുകുയും ചെയ്തു. 12 ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി. സംസ്ഥാനത്തിന്റെ ഊർജ്ജ ഉൽപാദനത്തിന്റെ പ്രധാന ഉറവിടം ജലവൈദ്യുത പദ്ധതികളാണ്. പാരമ്പര്യേതര ഊർജ്ജമേഖലയ്ക്ക് പ്രാധാന്യം നൽകണം. ആവശ്യമായ പണം നീക്കിവച്ച് കേരളത്തിൽ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ വിൻഡ് ജനറേറ്റിംഗ് സ്റ്റേഷൻ സ്ഥാപിച്ച് കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്റെ തോത് വർദ്ധിപ്പിക്കണം. ഏറ്റവും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഇടുക്കി ജില്ലയിൽ വൈദ്യുതി കണക്ഷന്റെ കാര്യത്തിലുള്ള കുറവ് പരിഹരിക്കാൻ കട്ടപ്പനയിൽ ട്രാൻസ്മിഷൻ ഡിവിഷൻ ആരംഭിക്കുന്നതിന് തുടങ്ങിവച്ച നടപടി പൂർത്തീകരിക്കണം. ഇപ്പോൾ തൊടുപുഴയിൽ ഒരു സബ് ഡിവിഷൻ മാത്രമാണുള്ളത്. പീരുമേട്, ദേവികുളം എന്നിവിടങ്ങളിൽക്കൂടി സബ് ഡിവിഷനുകൾ സ്ഥാപിക്കണം. വാത്തിക്കുടി പഞ്ചായത്തിലെ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കാൻ നിർദ്ദേശം കൊടുക്കണം. കെ.എസ്.ഇ.ബി.യുടെ നിയന്ത്രണത്തിലുള്ള പൊന്മുടി ഡാം

ടോപ്പ് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. എം.എൽ.എ/എം.പി. ഫണ്ട് മുഖേന ചെയ്യുന്ന പദ്ധതികൾക്ക് ആവശ്യമായ പരിഗണന കൊടുത്ത് എത്രയും പെട്ടെന്ന് അവ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പുന:സംഘടിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുകയും ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കുകയും വേണം. താങ്ങാനാവുന്ന താരിഫ് വ്യവസ്ഥയിൽ വൈദ്യുതി കൊടുക്കുമെന്ന തീരുമാനം സ്വാഗതാർഹമാണ്. ഇടുക്കി ആർച്ച് ഡാമുമായി ബന്ധപ്പെട്ട ടൂറിസം സാദ്ധ്യതകൾ മനസ്സിലാക്കി ഹൈഡൽ ടൂറിസത്തിന്റെ മാതൃകയിൽ അവധി ദിവസങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് സ്ഥിരമായ സംവിധാനമുണ്ടാക്കുകയും ജലാശയത്തിൽ ബോട്ടിംഗ് നടത്തുന്നതിനു വേണ്ട സൗകര്യമുണ്ടാക്കുകയും വേണം. മൂലമറ്റം അണ്ടർഗ്രൗണ്ട് പവർ ഹൗസിൽ കെ.എസ്.ഇ.ബി.യുടേയോ ഗവണ്മെന്റിന്റേയോ നിയന്ത്രണത്തിൽ ലൈറ്റ് ആന്റ് സൗണ്ട് സിസ്റ്റത്തോടു കൂടിയ ഡെമോൺസ്ട്രേഷൻ സംവിധാനമുണ്ടാക്കണം. ഇടമലയാറിലെ ട്രൈബൽ ഹോസ്റ്റൽ നവീകരിക്കുന്നതിന് എട്ടര ലക്ഷം രൂപ അനുവദിച്ചത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ റവന്യൂ വരുമാനത്തിൽനിന്നും കോടിക്കണക്കിന് രൂപ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിന് ചെലവഴിച്ചിട്ടുണ്ടെങ്കിലും വളരെ കുറച്ച് പ്രയോജനമേ അതിലൂടെ നേടാൻ കഴിഞ്ഞിട്ടുള്ളൂ. പട്ടികവർഗ്ഗ, ഗോത്ര, ആദിവാസി സമൂഹത്തിന്റെ വിദ്യാഭ്യാസ മേഖലയിലുണ്ടായ പുരോഗതി വിലയിരുത്തുകയും ക്ഷേമപ്രവർത്തനങ്ങൾക്കും പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾക്കും മുൻഗണന

നൽകുകയും വേണം. മഹാത്മാഗാന്ധി വിഭാവന ചെയ്തതുപോലുള്ള ഭാവി അവർക്കുണ്ടാകണമെങ്കിൽ പൊതുവിദ്യാലയങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും പ്രവേശനം നൽകി പൊതുധാരയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കണം. അൺഎയ്ഡഡ് സ്കൂളുകളിൽ പിന്നോക്ക വിഭാഗ ക്കാർക്ക് 27 ശതമാനം സംവരണം ചെയ്യാനുള്ള ബിൽ ലോക്സഭയിൽ അവ തരിപ്പിക്കുന്ന ഈ സമയത്ത് സർക്കാരിന്റെ എല്ലാ പഠന സ്ഥാപനങ്ങളിലും ഇത്തരത്തിലുള്ള ആളുകൾക്ക് സംവരണം ഏർപ്പെടുത്തണം. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി കൈമാറ്റം സംബന്ധിച്ച കാര്യങ്ങൾക്ക് നിയമമുണ്ടെങ്കിലും പാലിക്കപ്പെടുന്നില്ല. ട്രൈബൽ ലാന്റ് കേസുകൾ സെറ്റിൽ ചെയ്യുന്നതിന് ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കണം. പട്ടികജാതിയിൽ പ്പെട്ടവർക്കായി എല്ലാ പഞ്ചായത്തിലും ശ്മശാനഭൂമി ഗവണ്മെന്റ് നേരിട്ട് ഏറ്റെടുത്ത് കൊടുക്കണം. 2002–2005 കാലയളവിൽ അധിക കേന്ദ്രസഹായ മായി ലഭിച്ച 65.53 കോടി രൂപയിൽ 23.25 കോടി രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. ഈ വിഭാഗത്തിനുവേണ്ടി നീക്കിവയ്ക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കണം. മൊബൈൽ മെഡിക്കൽ യൂണിറ്റ് വയനാട്, ഇടുക്കി, പാലക്കാട് എന്നിവിടങ്ങളിൽ ഇവർക്കായി സ്ഥാപിക്കണം. ഭൂരഹിതരായ ആദിവാസികൾക്ക് ആറളം ഫാമിന്റെ ഭൂമി വിതരണം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടും അവഗണന നേരിട്ടുകൊണ്ടിരുന്ന സാഹചര്യ ത്തിൽ 3779 ഏക്കർ ഭൂമി വിതരണം ചെയ്തതും അവിടെ വീട് പണിയുന്നതിന് സാമ്പത്തിക സഹായം ഏർപ്പെടുത്തിയതും സ്വാഗതാർഹ മാണ്. അങ്കമാലിയിലെ അയ്യമ്പുഴ പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ അൻപതും അറുപതും വർഷങ്ങളായി താമസിക്കുന്ന പട്ടികജാതിയിൽപ്പെട്ട ആളുകൾക്ക് പട്ടയം കൊടുക്കാൻ നടപടി സ്വീകരിക്കണം. പട്ടികജാതി–

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് മുൻ ഗവണ്മെന്റിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതിയിലെ ക്രമക്കേടുകളെക്കുറിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം. മുത്തങ്ങ സമരത്തിന്റെ ഭാഗമായി പുനരധിവാസത്തിന് നീക്കിവച്ച ഭൂമി ആവാസയോഗ്യമല്ലെന്ന കാര്യം ഗവണ്മെന്റ് ശ്രദ്ധിക്കണം. പട്ടികജാതിയിൽപ്പെട്ട പാവങ്ങൾക്ക് 75,000 രൂപവരെ ചികിൽസാസഹായം നൽകുന്ന അംബേദ്ക്കർ മെഡിക്കൽ എയ്ഡ് സ്കീമിൽനിന്നും കേരളത്തെ ഒഴിവാക്കിയതിലൂടെ നിരാലംബരായ പാവപ്പെട്ടവർ നേരിടുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി ബദൽ സംവിധാനം ഏർപ്പെടുത്തണം. വയനാട് മേഖലയിൽ വർദ്ധിച്ചുവരുന്ന ക്യാൻസർ തുടങ്ങിയ രോഗങ്ങളെക്കുറിച്ച് പഠനം നടത്തണം. റവന്യൂ, വനം തുടങ്ങിയ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന്റെ കുറവ് പല പദ്ധതികളുടേയും നടത്തിപ്പിനെ ബാധിക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധിക്കേണ്ട കാര്യമാണ്. 2003-ലെ ഇലക്ട്രിസിറ്റി ആക്ട് കേരളത്തിലെ ജനങ്ങളെ ദോഷകരമായി ബാധിക്കുന്നതിനെക്കുറിച്ച് പഠനം നടത്തി അടിയന്തിരമായി എന്തു ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവയ്ക്ക് ഗവണ്മെന്റിന്റെ അനുമതിക്കായി കാത്തിരിക്കുന്ന ഇന്നത്തെ സിസ്റ്റം ലഘൂകരിച്ച് ഏകജാലകപദ്ധതിപോലെ നടപടികൾ എളുപ്പത്തിലാക്കാൻ കഴിയുന്ന പരിപാടിയെക്കുറിച്ച് ആലോചിക്കണം. പ്രവർത്തനം മന്ദഗതിയിലായിട്ടുള്ള ജലസേചന പദ്ധതികൾ സംബന്ധിച്ച ആശങ്ക ഒഴിവാക്കുന്നതിന് ഗവണ്മെന്റിന്റെ ശ്രദ്ധയുണ്ടാകണം. ജനറേറ്റിംഗ് സ്റ്റേഷനുകളുടെ കാര്യക്ഷമതയില്ലായ്മകൊണ്ടുള്ള നഷ്ടം പരിഹരിക്കുന്നതിനും വൈദ്യുതി മോഷണം ഇല്ലാതാക്കുന്നതിനും ഗ്രാമീണ

വൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റിൽ കൂടുതൽ തുക ഉൾക്കൊള്ളിക്കണം. 2003-ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കണം. ഇലക്ട്രോണിക് മീറ്ററുകളുടെ ലഭ്യത ഉറപ്പാക്കി വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. കേടായതും കേടാകാൻ സാദ്ധ്യതയുള്ളതുമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള അങ്കമാലിയിലെ ടെൽക് ഉൽപ്പാദിപ്പിക്കുന്ന ട്രാൻസ്ഫോർമറുകൾ ബോർഡിന്റെ ആവശ്യത്തിന് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ.വി.സുരേന്ദ്രൻപിള്ള:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2001-2006 കാലഘട്ടത്തിൽ കേരളത്തിലെ വൈദ്യുതി വകുപ്പ് 70 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉൽപ്പാദിപ്പിച്ചത്. ആ കാലയളവിൽ ഉൽപ്പാദിപ്പിച്ച 103 മെഗാവാട്ട് വൈദ്യുതിയിൽ 33 ശതമാനം വൈദ്യുതിയും സ്വകാര്യ മേഖലയിലാണ് ഉൽപ്പാദിപ്പിച്ചത്. 1996-2001-ലെ നായനാർ ഗവണ്മെന്റിന്റെ കാലത്ത് 1057 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നു. ഒരു മെഗാവാട്ട് വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് 5 കോടി രൂപയാണ്. തെർമൽ പവർ പ്രോജക്ടുകൾ സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുയോജ്യ മല്ലാത്തതിനാൽ ജലവൈദ്യുത പദ്ധതികളെ പ്രോൽസാഹിപ്പിക്കണം. ഇപ്പോൾ നിലനിൽക്കുന്ന ആശങ്കകൾ ദൂരീകരിച്ച് 226 മെഗാവാട്ട് വൈദ്യുതി ലഭിക്കാൻ ഉതകുന്ന എറണാകുളം-കൂടംകുളം ലൈൻ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. സമൂഹത്തിലെ താഴെത്തട്ടിൽ കഴിയുന്നവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ കൊടുക്കുകയും ട്രാൻസ്മിഷൻ നഷ്ടം

കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. ഏഴരക്കോടി രൂപ വിലമതിക്കുന്ന 3.2 കോടി യൂണിറ്റ് വൈദ്യുതി മോഷണം പോയതിൽ 5.5 കോടി രൂപയുടെ വൈദ്യുതി തിരിച്ചുപിടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കേരളം ഇരുട്ടിലാകുമെന്നതുകൊണ്ട് ഇടുക്കി പദ്ധതി നിലച്ചുപോകാതിരിക്കാൻ ശ്രദ്ധിക്കുകയും മോഡേണൈസേഷൻ മെത്തേഡ്സ് സ്വീകരിക്കുകയും വേണം. പിന്നോക്ക വിഭാഗക്കാർക്ക് സഹായം ലഭ്യമാക്കാനുള്ള ജസ്റ്റിസ് കുമാരപിള്ള കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള അനോമലീസ് പരിഹരിക്കണം. ഒരു സമുദായത്തിലെ എല്ലാപേർക്കും ഒരുപോലെ ആനുകൂല്യം ലഭിക്കത്തക്കവിധത്തിലുള്ള സംവിധാന മുണ്ടാകണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗത്തിന് യാതൊരു സഹായവും ചെയ്യാത്ത യു.ഡി.എഫ്. ഗവണ്മെന്റ് കോടികളുടെ വെട്ടിപ്പായിരുന്നു നടത്തിക്കൊണ്ടി രുന്നതെന്നാണ് സി.എ.ജി.യുടെ റിപ്പോർട്ടിൽ വെളിപ്പെടുത്തിയിരിക്കുന്നത്. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകുന്നതിനുപകരം കുടിയേറ്റക്കാർക്ക് പട്ടയം കൊടുക്കുകയായിരുന്നു യു.ഡി.എഫ്. ഗവണ്മെന്റ് ചെയ്തിരുന്നത്. ആദിവാസികൾക്ക് 5 ഏക്കർ ഭൂമി കൊടുക്കുമെന്നു പറഞ്ഞിട്ട് ഒരു തുണ്ടുഭൂമിപോലും കൊടുത്തില്ല. സ്വാതന്ത്ര്യം ലഭിച്ച് 50 വർഷം കഴിഞ്ഞിട്ടും ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെട്ടിട്ടില്ലാത്തതിനാൽ അവരുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികളുണ്ടാകണം. ഒ.ഇ.സി. വിഭാഗത്തിലെ വിദ്യാർത്ഥികളടക്കമുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും സ്കൂൾ അദ്ധ്യയനവർഷം ആരംഭിച്ച മാസംതന്നെ കൊടുത്തു;. അത്

കാലോചിതമായി വർദ്ധിപ്പിക്കണം. പട്ടികജാതി കമ്മീഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. സ്വകാര്യ മേഖലയിലും സംവരണം ഉറപ്പാക്കണം. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗസംഖ്യ അഞ്ചായി ഉയർത്താൻ തീരുമാനിച്ച സാഹചര്യത്തിൽ ഒരു സീറ്റ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്യണം. പട്ടികജാതിക്കാർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭരണഘടന വിഭാവന ചെയ്തിട്ടുള്ള സംവരണം ഉറപ്പാക്കണം. അവശത അനുഭവിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന ചികിൽസാ ധനസഹായം വർദ്ധിപ്പിക്കണം. ക്യാൻസർ രോഗികളുടെ ചികിൽസയ്ക്കായി പരമാവധി സഹായം നൽകണം. ഈ വകുപ്പിന് അനുവദിച്ചിട്ടുള്ള കോടിക്കണക്കിന് രൂപ ലാപ്സാക്കാൻ പാടില്ല. 1996–2001 കാലഘട്ടത്തിലെ വൈദ്യുതിയുടെ ഉൽപ്പാദനം 1087 മെഗാവാട്ടായിരുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 103 മെഗാവാട്ടായി കുറഞ്ഞു. ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിക്കാതെ ജനറേഷൻ രംഗത്ത് മികവുണ്ടാക്കണം. പാരമ്പര്യേതര ഊർജ്ജ വകുപ്പ് പുന:സംഘടിപ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ അനർട്ടിന്റെ പ്രവർത്തനം ആശാവഹമായിരുന്നില്ല. വൈദ്യുതിയുടെ കാര്യത്തിൽ കേരളത്തെ ഒരു മിച്ച സംസ്ഥാനമാക്കി മാറ്റാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ.കെ.കെ.ഷാജു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് ഈ സർക്കാർ എന്ന് മുതൽ സ്റ്റൈപ്പന്റ് കൊടുക്കാൻ തുടങ്ങിയതെന്ന് വ്യക്തമാക്കണം. സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി ചെലവാക്കിയ

തുകയുടെ പ്രയോജനം ഒരു ചെറിയ വിഭാഗം ആളുകൾക്ക് മാത്രമേ ലഭിച്ചിട്ടുള്ളൂ. പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിനും കൃഷി സ്ഥലം വാങ്ങുന്നതിനും വായ്പ നൽകുന്ന എസ്.സി./എസ്.ടി. ഡെവലപ്മെന്റ് കോർപ്പറേഷൻ ഒരു ബ്ലേഡ് കമ്പനിയായി മാറിയിരിക്കുകയാണ്. പ്രസ്തുത സ്ഥാപനത്തിൽനിന്ന് അനുവദിക്കുന്ന വായ്പയുടെ പലിശ കുറയ്ക്കുന്നതിനും വായ്പത്തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. എസ്.സി./എസ്.ടി. കോർപ്പറേഷന്റെ റീജിയണൽ ഓഫീസ് ഇല്ലാത്ത രണ്ട് ജില്ലകളിലും അവ സ്ഥാപിക്കണം. ഭവന നിർമ്മാണത്തിന് എസ്.സി. വിഭാഗത്തിന് അനുവദിച്ച 70,000 രൂപയും എസ്.ടി. വിഭാഗത്തിന് അനുവദിച്ച 75,000 രൂപയും ഏകീകരിച്ച് 1,00,000 രൂപയായി വർദ്ധിപ്പിക്കുകയും തത്തുല്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങൾ കൊടുക്കുകയും വേണം. പ്രൈമറി തലംമുതൽ ഉന്നത വിദ്യാഭ്യാസ മേഖലവരെയും ടെക്നിക്കൽ വിദ്യാഭ്യാസ മേഖലയിലും വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും സ്റ്റൈപന്റും ഇരട്ടിയാക്കി വർദ്ധിപ്പിക്കണം. എം.ആർ.എസ്. ഹോസ്റ്റലുകളുടെയും മറ്റ് ഹോസ്റ്റലുകളുടെയും ദയനീയ സ്ഥിതി പരിഹരിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി പ്രത്യേക പദ്ധതി കൊണ്ടുവരണം. എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റുവഴി നടപ്പാക്കുന്ന റോഡുകളുടെയും മറ്റ് പദ്ധതികളുടെയും നിറുത്തിവച്ച പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. 2005 ഡിസംബർ 31 വരെ അപേക്ഷിച്ച എല്ലാവർക്കും പോസ്റ്റ് നൽകി കണക്ഷൻ കൊടുക്കാനുള്ള തീരുമാനം എടുക്കാൻ സാധിച്ചത് ഇലക്ട്രിസിറ്റി മേഖലയെ ലാഭത്തിലെത്തിക്കാൻ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് സാധിച്ചതുകൊണ്ടാണ്. ബി.പി.എൽ. ഫാമിലിയിൽപ്പെട്ടവർക്കും മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ

ക്കാർക്കും സൗജന്യ നിരക്കിൽ വൈദ്യുതി കൊടുക്കാൻ നടപടി ഉണ്ടാകണം. ഇലക്ട്രിസിറ്റി ബോർഡിൽ അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കിയിട്ടില്ല. എല്ലാ പഞ്ചായത്തുകൾക്കും അതത് പഞ്ചായത്തുകളിലെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുവേണ്ടിയുള്ള കളക്ഷൻ സെന്ററുകൾക്ക് സ്ഥലവും ഓഫീസും അനുവദിക്കണം. ഇപ്പോഴുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ബോർഡിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. യു.സി. രാമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജുഡീഷ്യറി മേഖലയിൽ ഇന്നും പട്ടികജാതിക്കാർക്ക് അയിത്തം നിലനിൽക്കുകയാണ്. കേരളം രൂപീകൃതമായതിനുശേഷവും മുനിസിഫ്/മജിസ്ട്രേട്ട് തെരഞ്ഞെടുപ്പ് നടത്തിക്കൊണ്ടിരുന്നത് പി.എസ്.സി. വഴിയാണ്. 1988-ൽ ഈ അധികാരം ഹൈക്കോടതിക്ക് കൈമാറുകയും തുടർന്ന് സംവരണതത്വം അട്ടിമറിക്കപ്പെടുകയും ചെയ്തു. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ഇന്റർവ്യൂവിന് മാർക്ക് നൽകാതെ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നത് ബോധപൂർവ്വം തടഞ്ഞിരിക്കുകയാണ്. മിശ്രവിവാഹ ദമ്പതിമാരുടെ കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച് നിലവിലുള്ള പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണം. കുന്നമംഗലത്ത് പൊതുമരാമത്ത് വകുപ്പ് വിട്ടുകൊടുത്ത സ്ഥലത്ത് ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. പട്ടികജാതിക്കാർക്ക് നൽകുന്ന ചികിൽസാ സഹായത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ആളുകൾക്ക് സഹായധനം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. വൈദ്യുതി ഉൽപ്പാദനം പ്രതിസന്ധിയിലാണെന്ന് പ്രചരിപ്പിച്ച് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള ഗൂഢശ്രമം നടക്കുകയാണ്. വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച്

വ്യക്തത ഉണ്ടാകണം. കോഴിക്കോട് ജില്ലയിൽ മാവൂർ കെ.എസ്.ഇ.ബി. ഓഫീസ് പരിധിയിൽപ്പെടുന്ന ചില ഗുണഭോക്താക്കൾക്ക് മൂന്ന് വർഷത്തെ വൈദ്യുത ബില്ലിന് സമാനമായ തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി സെപ്റ്റംബർ 1-ന് മുമ്പ് അടയ്ക്കണമെന്ന് ആഗസ്റ്റ് മാസം കെ.എസ്.ഇ.ബി.യുടെ കത്ത് ലഭിച്ചിരിക്കുകയാണ്. ഇതിനെതിരെ അവിടെ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ഒട്ടേറെ പ്രക്ഷോഭങ്ങൾ ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ അടിയന്തിരമായി ഈ നടപടി നിർത്തിവയ്ക്കണം. സ്വാശ്രയനിയമം ഭേദഗതി വരുത്തുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രൊഫഷണൽ കോളേജുകളിൽ അനുവദിച്ചിട്ടുള്ള 10 ശതമാനം സീറ്റ് സംവരണം 20 ശതമാനമാക്കി വർദ്ധിപ്പിക്കണം. പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട രാജന്റെ കുടുംബത്തിന് വീട് നിർമ്മിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. ട്രൈബൽ, പ്രീമെട്രിക് ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി ഉണ്ടാകണം. സ്റ്റൈപ്പന്റ്, പോക്കറ്റ് മണി ഇനത്തിൽ ഈ വിഭാഗം കുട്ടികൾക്ക് നൽകുന്ന തുക വർദ്ധിപ്പിക്കണം. പട്ടികജാതി വിഭാഗത്തിന് ഭവന നിർമ്മാണത്തിന് അനുവദിച്ച തുകയുടെ രണ്ടാം ഗഡു എത്രയുംപെട്ടെന്ന് നൽകുന്നതിന് നടപടി ഉണ്ടാകണം. ത്രിതല പഞ്ചായത്തുകൾ ഭവനനിർമ്മാണത്തിന് നൽകുന്ന തുക ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതോടൊപ്പം ഈ ഇനത്തിൽ ഡിപ്പാർട്ടുമെന്റ് വിതരണം ചെയ്യുന്ന തുകയും വർദ്ധിപ്പിക്കണം.

ശ്രീ.പി.എം.എ.സലാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമൂഹ്യ നീതിയും വികസനവും ഉറപ്പുവരുത്തിക്കൊണ്ടുള്ള ഒരു വൈദ്യുതി നയമാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്. 15 ശതമാനത്തോളം വീടുകളിൽ ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല. പുതിയ വൈദ്യുത പദ്ധതികൾ

ഏറ്റെടുത്ത് നടപ്പാക്കേണ്ടതുണ്ട്. മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 18 ചൈനീസ് പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചതിൽ 4 പദ്ധതികളുടെ പണിയാണ് പൂർത്തിയാക്കിയത്. സമയബന്ധിതമായി ബാക്കി പദ്ധതികളുടെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. വിതരണ രംഗത്ത് 11 കെ.വി. ലൈനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കാൻ തയ്യാറാകണം. ആരംഭിച്ച സബ് സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കണം. 400 കെ.വി. പവർ ഹൈവേ സംസ്ഥാനത്ത് അനിവാര്യമാണ്. 1998–ൽ ആരംഭിച്ച വൈദ്യുത അദാലത്തുകൾ പുന:സ്ഥാപിക്കണം. സെക്ഷനുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ രംഗത്ത് ജനപ്രതിനിധികൾക്ക് ഇടപെടാൻ കഴിയുന്ന വിധത്തിൽ സുതാര്യമായി കാര്യങ്ങൾ നടപ്പാക്കണം. ഇലക്ട്രിസിറ്റി ബോർഡിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം. വൈദ്യുത മേഖലയെ അനർട്ടിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി ശക്തിപ്പെടുത്തണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2500 കുടുംബങ്ങൾക്ക് അനർട്ട് അടുപ്പ് നൽകാൻ തീരുമാനിച്ചതും ആയിരം അംഗനവാടികൾക്കും ആയിരം പ്രൈമറി സ്കൂളുകൾക്കും മെച്ചപ്പെട്ട അടുപ്പുകൾ നൽകാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. 14 ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ വാട്ടർ ഹീറ്ററുകളും ബയോഗ്യാസ് പ്ളാന്റുകളും അനർട്ട് മുഖേന കൊടുത്തിട്ടുണ്ട്. ഊർജ്ജരംഗത്ത് ഇടപെടാൻ കഴിയുന്ന ഒരു സ്ഥാപനമെന്ന നിലയിൽ അനർട്ടിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തണം. സ്റ്റോർ പർച്ചേസ് ഉൾപ്പെടെ എല്ലാ മേഖലകളിലും കംപ്യൂട്ടറൈസേഷൻ നടപ്പാക്കണം. വ്യവസായങ്ങളുടെ പ്രവർത്തനത്തിന് തടസ്സമില്ലാതെ വിദ്യുച്ഛക്തി നൽകുന്നതിനായി ഗ്രീൻ ചാനൽ സംവിധാനം

ഏർപ്പെടുത്തണം. മലബാർ മേഖലയിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് തടസ്സമായി നിൽക്കുന്ന മെറ്റീരിയൽസിന്റെ ദൗർലഭ്യം കണക്കിലെടുത്ത് അവിടെ വൈദ്യുതി ബോർഡിനാവശ്യമായ മെറ്റീരിയൽസ് ഉൽപ്പാദിപ്പിക്കുന്ന ഒരു സ്ഥാപനം ആരംഭിക്കണം. മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്യാൻസർ സെന്ററായി ഉയർത്തണം. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പിന്നോക്കവിഭാഗങ്ങൾക്കുംവേണ്ടി ക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ച എൽ.ഡി.എഫ്. ഗവണ്മെന്റ് ഈ സ്ക്കൂൾ വർഷാരംഭത്തിൽത്തന്നെ എല്ലാ പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ആനുകൂല്യങ്ങൾ കൊടുക്കാൻ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. വൻകിടക്കാർ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി പിടിച്ചെടുത്ത് ആദിവാസികൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് അഞ്ച് വർഷം കൊണ്ട് വീടുകൊടുക്കാനുള്ള പദ്ധതി സമയബന്ധിതമായി നടപ്പാക്കണം.

<u>ശ്രീ. കെ.സി. കുഞ്ഞിരാമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.. ആദിവാസികൾക്ക് വാഗ്ദാനം നൽകിയ ഭൂമി കൊടുക്കാതെ അവരെ കള്ളക്കേസ്സിൽപ്പെടുത്തി ജയിലിലിടയ്ക്കുന്ന നടപടിയാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. അത്തരം കള്ളക്കേസ്സുകൾ പിൻവലിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എടുത്ത നടപടി സ്വാഗതാർഹമാണ്. 2003–ൽ നടന്ന മുത്തങ്ങ വെടിവയ്പിൽ മരിച്ച ജോഗിയുടെ കുടുംബത്തിന് രണ്ടു ലക്ഷം രൂപ ധനസഹായം നൽകിയതും ജോഗിയുടെ മകൾക്ക് സർക്കാർ ജോലി വാഗ്ദാനം ചെയ്തതും അന്നത്തെ

പോലീസ് അതിക്രമത്തിൽ പരിക്കേറ്റ ആദിവാസികൾക്ക് ചികിൽസാ ധനസഹായം നൽകാൻ തയ്യാറായതും എൽ.ഡി.എഫ്. ഗവണ്മെന്റാണ്. ആദിവാസികൾക്ക് ഭൂമി നൽകാനായി നിയോഗിച്ച പുനരധിവാസ കമ്മിഷന്റെ ശുപാർശ പ്രകാരം ഭൂമി നൽകേണ്ട പത്തിലൊന്ന് പേർക്കു പോലും കഴിഞ്ഞ ഗവൺമെന്റ് ഭൂമി കൊടുത്തിട്ടില്ല. കൊടുത്ത ഭൂമി തന്നെ താമസയോഗ്യമല്ലാത്തതിനാൽ പലരും അത് ഉപേക്ഷിച്ചു പോയി. അതിന് പരിഹാരം കാണാനായി അവർക്ക് കൊടുത്തിട്ടുള്ള ഭൂമിയിൽ വേലി കെട്ടുന്നതിനും കുടിവെള്ളം, വൈദ്യുതി, റോഡ് എന്നീ സൗകര്യങ്ങൾ ഉണ്ടാക്കി അവിടം താമസയോഗ്യമാക്കാനുംവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്താൻ ഈ ഗവണ്മെന്റ് നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ ആയിരത്തിലധികം പേർക്ക് കൈവശരേഖ കൊടുത്തെങ്കിലും ഭൂമി അളന്നു തിട്ടപ്പെടുത്തി ക്കൊടുക്കാനുള്ള നടപടിയുണ്ടായിട്ടില്ല. അതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം വിളിച്ച് പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണം. ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഭൂമി നൽകുമ്പോൾ അവർ താമസിക്കുന്ന പഞ്ചായത്തുകളിൽത്തന്നെ വാസയോഗ്യമായ ഭൂമി കൊടുക്കാൻ നടപടി സ്വീകരിക്കണം. വൻകിട തോട്ടമുടമകൾ അനധികൃതമായി കയ്യേറിയിരിക്കുന്ന ഭൂമി പരിശോധിച്ച് അതിൽ അവരുടെ കൈവശാവകാശ രേഖ കിഴിച്ച് ബാക്കിയുള്ള ഭൂമി പിടിച്ചെടുക്കണം. ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ആശുപത്രികൾ ആരോഗ്യവകുപ്പിന് കൈമാറി ആദിവാസികൾക്ക് ചികിൽസ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുന്നതോടൊപ്പം ആദിവാസി മേഖലയിൽ ഉണ്ടാകുന്ന രോഗങ്ങളെപ്പറ്റി പഠിച്ച് പരിഹാരം കാണാനും നടപടികൾ സ്വീകരിക്കണം.

ഈ ഗവണ്മെന്റ് കഴിഞ്ഞ നാല് മാസത്തിനിടയിൽ 20 കോടിയിലധികം രൂപയുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് കൊടുക്കാൻ സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. ആദിവാസി മേഖലയിലുള്ള മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എട്ട് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും പ്രീ–മെട്രിക് ഹോസ്റ്റലുകളിലെ ഫീസ് 700 രൂപയാക്കി വർദ്ധിപ്പിക്കുകയും വിദ്യാർത്ഥികളുടെ നാല് മാസത്തെ സ്റ്റൈപ്പന്റ് അഡ്വാൻസായി കൊടുക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ലക്ഷക്കണക്കിന് രൂപയുടെ നിക്ഷേപമുണ്ടായിരുന്ന മാനന്തവാടി പ്രിയ ദർശിനി ആദിവാസി സഹകരണ സംഘത്തിൽ യു.ഡി.എഫ്. ഗവണ്മെന്റിന്റെ ഭരണകാലത്ത് ധനദുർവിനിയോഗംമൂലം ആ സംഘം പൂട്ടേണ്ട സ്ഥിതിയു ണ്ടായതിന്റെ ഫലമായി തൊഴിലില്ലാതെ പട്ടിണിയിലായ തൊഴിലാളികളെ സംരക്ഷിക്കുന്നതോടൊപ്പം ആ ഫാക്ടറി പുനരുദ്ധരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. വടക്കേ വയനാട്ടിലെ അവിവാഹിതരായ അമ്മമാർക്കും കുട്ടികൾക്കും തൊഴിൽ നൽകാനായി തയ്യാറാക്കിയ വസ്ത്രനിർമ്മാണ യൂണിറ്റിന് അനുവദിച്ച അഞ്ചരക്കോടി രൂപയിൽ രണ്ടര ക്കോടി രൂപ മാത്രമാണ് കൊടുത്തത്; ബാക്കി തുക കൂടി കൊടുത്ത് അവർക്ക് തൊഴിൽ നൽകാൻ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. അടൂർ പ്രകാശ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. ഗവണ്മെന്റ് ജനങ്ങൾക്ക് കൊടുത്ത ആനുകൂല്യങ്ങൾ നിർത്തലാക്കുന്ന തിനുള്ള രഹസ്യനീക്കങ്ങളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തുന്നത്. 1996 മുതൽ 2001 വരെ ഭരിച്ച എൽ.ഡി.എഫ്. ഗവണ്മെന്റ് 51,125 വൈദ്യുതി കണക്ഷനുകൾ കൊടുത്ത സ്ഥാനത്ത് കഴിഞ്ഞ യു.ഡി.എഫ്.

ഗവണ്മെന്റ് 2,68,441 വൈദ്യുതി കണക്ഷനുകൾ കൊടുക്കുകയും വൈദ്യുതി ഉൽപ്പാദനം 1086 മെഗാവാട്ട് വർദ്ധിപ്പിക്കുകയും ചെയ്തു. എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കായംകുളം പദ്ധതിക്കായി ഉണ്ടാക്കിയ കരാറിലെ അപാകതയുടെ ഫലമായി മാസംതോറും ഫിക്സഡ് കോസ്റ്റ് ഇനത്തിൽ 20 കോടി രൂപ വൈദ്യുതി ബോർഡ് എൻ.ടി.പി.സി.-ക്ക് കൊടുക്കേണ്ടിവന്നു. എന്നാൽ യു.ഡി.എഫ്. ഗവണ്മെന്റ് ആ കരാറിലെ അപാകതകൾ പുതുക്കിയതിന്റെ ഫലമായി മാസം തോറും 12 കോടി രൂപയുടെ ലാഭമുണ്ടാക്കാനും എൻ.ടി.പി.സി.-ക്ക് നൽകിയിരുന്ന ഫിക്സഡ് കോസ്റ്റ് ഇല്ലാതാക്കാനും സാധിച്ചു. നല്ലൊരു മാനേജ്മെന്റിലൂടെ വൈദ്യുതി ബോർഡിനെ ലാഭകരമാക്കാനും കേന്ദ്രത്തിൽനിന്ന് 341 കോടി രൂപ നേടിയെടുക്കാനും യു.ഡി.എഫ്. ഗവണ്മെന്റിന് സാധിച്ചിരുന്നു. വർദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് ജലവൈദ്യുത പദ്ധതികളിൽ നിന്ന് കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കണം. പത്തനംതിട്ട ജില്ലയിലെ ചെളിക്കല്ലാർ, വക്കല്ലാർ, അച്ചൻകോവിൽ, പൂന്തേനരുവി എന്നീ ചെറുകിട ജലസേചന പദ്ധതികൾ യാഥാർത്ഥ്യമാക്കണം. കേന്ദ്ര പദ്ധതികൾ പ്രയോജനപ്പെടുത്തി ആർ.ജി.ജി.വി. വൈ. പദ്ധതി പ്രകാരം കൊക്കാത്തോട് മേഖലയിൽ വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിക്കണം. പവർ ഹൈവേകൾ കൂടംകുളത്തുനിന്നും മാടക്കത്തറയിലേയ്ക്ക് വരുമ്പോൾ കർഷകർക്കുണ്ടാകുന്ന ആശങ്കകൾ ദൂരീകരിക്കണം. വൈദ്യുതീകരിക്കാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കണം. കൂടംകുളം മുതൽ ഇടമൺ വരെയുള്ള ലൈൻ 400 കെ.വി. ആയി ഉയർത്തണം. കോന്നി നിയോജകമണ്ഡലത്തിൽ നിറുത്തലാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് പുന:സ്ഥാപിക്കാനും കൊടുമൺ കേന്ദ്രീകരിച്ച്

ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കാനും നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളിൽ സുതാര്യത യുണ്ടാകണം. അവരുടെ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം;. അവർക്ക് ഭൂമി വാങ്ങുന്നതിന് കൊടുക്കുന്ന തുക വർദ്ധിപ്പിക്കണം.

ശ്രീ.ആർ.സെൽവരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ ലഭ്യമായ 163.36 കോടി രൂപ ലാപ്സാക്കിയിരിക്കുന്നു. വിദ്യാർത്ഥികൾക്ക് റാങ്ക് ഫയൽ നല്കിയതിലും ഡ്രൈവിംഗ് കോഴ്സ് നടപ്പിലാക്കിയതിലും ഉണ്ടായിട്ടുള്ള ക്രമക്കേടുകളെ ക്കുറിച്ച് അന്വേഷിക്കണം. സാംസ്ക്കാരിക തനിമ നിലനിർത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ ഈ വിഭാഗത്തിനെ എത്തിക്കുന്നതിന് സമഗ്രവും ശാസ്ത്രീയവുമായ പദ്ധതികളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷക്കാലം സ്ത്രീപീഡനവും തട്ടിക്കൊണ്ടുപോകലും പെൺവാണിഭവും നിത്യസംഭവമായിരുന്നു. വൈദ്യുതി വകുപ്പിൽ കുത്തകക്കാരും വൻകിട ക്കാരും ചേർന്ന് കോടിക്കണക്കിന് രൂപയുടെ കറണ്ട് മോഷ്ടിക്കുക യുണ്ടായി. പാവപ്പെട്ട കൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകണം. പല വൈദ്യുത പദ്ധതികളും സ്വകാര്യ മുതലാളിമാർക്ക് കച്ചവടം ചെയ്യാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയാണ് കഴിഞ്ഞ സർക്കാർ ചെയ്തത്. കെ.എസ്.ഇ.ബി.യിൽ മീറ്റർ വാങ്ങിയ വകയിൽ കോടിക്കണക്കിന് രൂപ അഴിമതി നടത്തിയതിനെക്കുറിച്ച് അന്വേഷിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞുവെന്നത് ശ്ലാഘനീയമാണ്. ആയിരം മെഗാവാട്ട്

വൈദ്യുതി കൂടുതൽ ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കെ.എസ്.ഇ.ബി.യിൽ വിവിധ തസ്തികകളിലായി 2500–ലധികം ജീവനക്കാരെ പുതിയതായി നിയമിച്ചതിനെ സ്വാഗതം ചെയ്യുന്നു. അടിസ്ഥാനസൗകര്യ വികസനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ലക്ഷ്യമിടുന്നത്. വൈദ്യുതി ബോർഡ് ജനസേവന കേന്ദ്രമായി പ്രവർത്തിക്കണം. വൈദ്യുത മേഖലയിൽ അടിസ്ഥാനപരമായ പുരോഗതി കൈവരിച്ച് സംസ്ഥാനത്തെ പ്രകാശപൂരിത മാക്കി മാറ്റുവാനും അധിക വൈദ്യുതി ഉൽപാദിപ്പിച്ച് ചെറുകിട–വൻകിട വ്യാവസായിക മേഖലകളെ പരിപോഷിപ്പിക്കാനും ആവശ്യമായ നടപടികളാണ് ഈ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നത്. തൊഴിൽ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാനുള്ള ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. യു.ഡി.എഫ്.–ന്റെ കാലത്ത് നടത്തിയിട്ടുള്ള കൊള്ളയും അഴിമതിയും അക്രമവും ജനമധ്യത്തിൽ കൊണ്ടുവരുന്നതിനും സംശുദ്ധവും സുതാര്യവും അഴിമതി രഹിതവുമായ ഒരു ഭരണം കാഴ്ചവയ്ക്കുന്നതിനും എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിയുന്നതാണ്.

<u>ശ്രീ.കെ.അജിത്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താനായി കൊണ്ടുവന്നിട്ടുള്ള പദ്ധതികളെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കുടിശ്ശികയായിരുന്ന ഫീസാനുകൂല്യവും സ്റ്റൈപ്പന്റും കൊടുത്തുതീർത്ത തിനെ സ്വാഗതം ചെയ്യുന്നു. ആദിവാസികളെ സമൂഹത്തിന്റെ ഉന്നത മേഖലകളിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്ക്

തുടക്കം കുറിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട ചികിത്സാ സഹായവും ഭരണഘടന അനുശാസിക്കുന്ന പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും നൽകണം. പട്ടികജാതി–പട്ടികവർഗ്ഗ കോളനിയിലും ലക്ഷംവീട് കോളനികളിലും താമസിക്കുന്നവരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം; അവർക്കായി പുതിയ കോളനി സമുച്ചയം പണിയണം. പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കീഴിൽ മെഡിക്കൽ കോളേജും എഞ്ചിനീയറിംഗ് കോളേജും തുടങ്ങാൻ നടപടി സ്വീകരിക്കണം. ഭവന നിർമ്മാണ വായ്പ ഒരു ലക്ഷം രൂപയായി ഏകീകരിക്കണം. ഇലക്ട്രിസിറ്റി ബോർഡിനെ കടക്കെണിയിൽനിന്നും കരകയറ്റാൻ നടപടി സ്വീകരിക്കണം. കറണ്ട് മോഷണം തടയണം. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തിൽ ജനപങ്കാളിത്തത്തോടെയുള്ള പുതിയ വൈദ്യുത പദ്ധതികൾ ആരംഭിക്കാനുള്ള തീരുമാനത്തെയും മാലിന്യ സംസ്ക്കരണത്തിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയെയും സ്വാഗതം ചെയ്യുന്നു.

<u>ശ്രീ.കെ.കെ.ജയചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ പുരോഗതി ലാക്കാക്കി വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികളാണ് ഈ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നത്. 22 ലക്ഷം പേർക്ക് പുതിയ കണക്ഷനുകൾ കൊടുക്കാനും 680 കോടി രൂപ നികുതിയിനത്തിൽ പിരിച്ചെടുക്കാനും 220 കെ.വി. ലൈൻ വലിക്കാനും കഴിഞ്ഞ നാല് മാസംകൊണ്ട് ഈ ഗവൺമെന്റിന് സാധിച്ചത് അഭിനന്ദനാർഹമാണ്. 2700 കോടി രൂപ കടമെടുത്തപ്പോൾ 3700 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് നടത്താൻ കഴിഞ്ഞു. 33 കെ.വി. സബ്സ്റ്റേഷൻ എന്ന ആശയം കൊണ്ടുവന്നത് 1996–2001–ലെ എൽ.ഡി.എഫ്. ഗവൺമെന്റാണ്

എന്ന സത്യം നിഷേധിക്കാനാവില്ല. 120 ദിവസംകൊണ്ട് ഏഴരക്കോടി രൂപയുടെ വൈദ്യുതി മോഷണം കണ്ടുപിടിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. വ്യവസായ രംഗത്ത് നിഷേധാത്മകമായ നയസമീപനം യു.ഡി.എഫ്. സ്വീകരിക്കുമ്പോൾ വ്യവസായ മേഖലയെ സംരക്ഷിക്കുന്ന നയമാണ് എൽ.ഡി.എഫിന്റേത്. ട്രാക്കോ കേബിൾസ്, കെൽ, ടെൽക്ക്, യുണൈറ്റഡ് ഇലക്ട്രിക്കൽസ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപ്പാദി പ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇലക്ട്രിസിറ്റി ബോർഡ് വാങ്ങാമെന്ന കണ്ടിഷൻ സ്വീകരിച്ചു. അടച്ചുപൂട്ടപ്പെട്ട വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കാനും തൊഴിലാളികൾക്ക് ജോലി സ്ഥിരതയും കേരളത്തിന്റെ സാമ്പത്തിക പുരോഗതിയും ഉറപ്പുവരുത്താൻ കഴിയുന്ന നിലപാടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് എടുത്തിരിക്കുന്നത്. 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ട് നടപ്പാക്കുകയാണെങ്കിൽ നിലവിലുള്ള ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് നഷ്ടപ്പെടും. കേന്ദ്ര റഗുലേറ്ററി കമ്മിഷന്റെ ഭാഗമായി രൂപീകരിച്ച സംസ്ഥാന റഗുലേറ്ററി കമ്മീഷന് നിയമസാധുതയില്ല. വൈദ്യുതി രംഗത്ത് സാധാരണ ക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കണം. താപവൈദ്യുതിയുടെ കാര്യത്തിൽ 750 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള സാധ്യത കേരളത്തിനു ണ്ടെന്നാണ് പഠനം വ്യക്തമാക്കുന്നത്. രാമക്കൽമേട് ഉൾപ്പെടെ കേരളത്തിൽ സാധ്യതയുള്ള എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കണം. യു.ഡി.എഫ്. ഗവൺമെന്റ് പട്ടികജാതി/ഒ.ബി.സി. വിദ്യാർത്ഥികളോടും വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളോടും നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഫീസ് ഇനത്തിൽ അവർക്ക് നൽകാനുള്ള തുക ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കൊടുത്തുതീർത്തത്. ഗവൺമെന്റ്

നിയന്ത്രണത്തിലുള്ള ഹോസ്റ്റലുകൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുന്നതിന് നടപടി സ്വീകരിച്ചതും കുട്ടികൾക്ക് കൊടുക്കുന്ന ഭക്ഷണത്തിന്റെ തുക 500 രൂപയിൽനിന്ന് 700 രൂപയാക്കി വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. സ്വാശ്രയ മേഖലയിൽ പഠിക്കുന്ന എസ്.സി./എസ്.ടി./ ഒ.ബി.സി. കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം കൊടുക്കുമെന്ന പ്രഖ്യാപനവും അഭിനന്ദനാർഹമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് സൂര്യനെല്ലിയിലും മറയൂരിലും പുനരധിവസിപ്പിച്ചിട്ടുള്ള ആദിവാസികൾക്ക് വെള്ളവും വെളിച്ചവും എത്തിക്കുന്നതിന് നടപടി സ്വീകരിക്കണം. അവർക്ക് അവിടെ കൃഷി ചെയ്യാനുള്ള അവസരം ഉണ്ടാക്കി ക്കൊടുക്കണം. ആനശല്യമുള്ള സൂര്യനെല്ലിപോലുള്ള പ്രദേശത്ത് താമസിക്കുന്ന ആദിവാസികളുടെ പരിരക്ഷ ഉറപ്പുവരുത്തണം.

<u>ശ്രീ.എ.പി.അനിൽകുമാർ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരള പ്പിറവിയുടെ 50-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി ചെയ്ത കഴിഞ്ഞ 50 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി നേട്ടങ്ങളും കോട്ടങ്ങളും മനസ്സിലാക്കി കോട്ടങ്ങളുണ്ടെങ്കിൽ അവ തിരുത്തി മുന്നോട്ടുപോകാനുള്ള ശ്രമം നടത്തുന്നതിന് വിശാലമായ ഒരു പഠനം ആവശ്യമാണ്. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പഠന റിപ്പോർട്ടുപ്രകാരം ഉന്നത വിദ്യാഭ്യാസരംഗത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ കേവലം 10 ശതമാനമാണ്. കഴിഞ്ഞ 50 വർഷംകൊണ്ട് കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും അവർക്ക് വലിയ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വിദ്യാഭ്യാസ-സാമൂഹ്യ-സാംപത്തിക രംഗങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തെ കൊണ്ടുവരുന്നതിനുവേണ്ടി

യുള്ള സഹായവും പിന്തുണയുമായിട്ടാണ് സംവരണാനുകൂല്യങ്ങൾ നൽകുന്നത്. അത് പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള സാഹചര്യ മുണ്ടാകണം, കഴിഞ്ഞ കാലങ്ങളിൽ ഓരോ രംഗത്തും യു.ഡി.എഫ്. ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങൾ കാണുവാൻ കഴിയണം. കഴിഞ്ഞ ഗവൺമെന്റ് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം 35,000 രൂപയിൽ നിന്ന് 70,000 രൂപയാക്കി വർദ്ധിപ്പിച്ചു. അതുപോലെ വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ ഇത്രയുമധികം നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞത് യു.ഡി.എഫ്.-ന്റെ പ്രവർത്തനങ്ങൾകൊണ്ടാണ്. എം.ബി.ബി.എസ്./എൻജിനീയറിംഗ് കോഴ്സു കൾക്ക് മാനേജുമെന്റ് ക്വാട്ടയിൽ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കടക്കം എല്ലാ ആനുകൂല്യങ്ങളും നൽകി പഠിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിച്ചത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. അതുകൊണ്ട് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർബന്ധമായും കഴിഞ്ഞ ഗവൺമെന്റ് ചെയ്തതുപോലെയുള്ള ആനുകൂല്യങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകാനുള്ള തീരുമാനമുണ്ടാകണം. പട്ടികജാതി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് നീക്കിവച്ചിരുന്ന 10 കോടി രൂപയും ജലവിഭവ വകുപ്പിനുവേണ്ടി നീക്കിവച്ചിട്ടുള്ള 5 കോടി രൂപയും അവിടെത്തന്നെ ഫലപ്രദമായി വിനിയോഗിക്കണം. കഴിഞ്ഞ ഗവൺമെന്റ് വയനാട്ടിലെ 5000 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തു. 2500-ഓളം ആദിവാസി കുടുംബങ്ങൾക്ക് ആറളം ഫാമിൽ ഭൂമി നൽകുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. എന്നാൽ അവിടെ ഭൂമി വിതരണം ചെയ്യുംപോൾ മാതൃകാപരമായി

വിതരണം ചെയ്യാനുള്ള സമീപനം സ്വീകരിക്കണം. വൈദ്യുതി രംഗത്തുണ്ടായ വളർച്ചയും നേട്ടങ്ങളും കണ്ടുകൊണ്ട് അതിന്റെ തുടർച്ചയായി കാര്യങ്ങൾ കൊണ്ടുപോകാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞാൽ വൈദ്യുതി മേഖലയിൽ ഒരു കാലത്തും ഉണ്ടാകാത്ത നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. റവന്യു ഡെഫിസിറ്റ് 1256 കോടി രൂപയിൽനിന്ന് 147 കോടി രൂപയായി കുറച്ചുകൊണ്ടുവരാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. പ്രസരണ നഷ്ടം 32 ശതമാനത്തിൽനിന്ന് 23 ശതമാനമായി കുറച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷത്തിഇരുന്നൂറ്റിഇരുപത്തിരണ്ട് കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ കഴിഞ്ഞു. 1996–2006 വരെയുള്ള 10 വർഷംകൊണ്ട് 3.19,000 കണക്ഷനുകൾ നൽകിയതിൽ രണ്ട് ലക്ഷത്തിലധികം കണക്ഷനുകളും യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം നൽകി യിട്ടുള്ളതാണ്. വൈദ്യുത പദ്ധതികൾ യു.ഡി.എഫ്.–ന്റെ കാലത്ത് കൊണ്ടുവരികയും അവ കമ്മീഷൻ ചെയ്യുന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താവുകയും ചെയ്യുമ്പോൾ സ്വാഭാവികമായും ജനറേഷൻ തുടങ്ങുന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ട ത്തിലായിരിക്കുമെന്നുള്ളതുകൊണ്ട് അതിന്റെ നേട്ടം എൽ.ഡി.എഫ്. ഗവൺമെന്റിനേ കിട്ടൂ. ഐക്യ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കൂടുതൽ കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി മേഖലയിൽ കഴിഞ്ഞ ഭരണ കാലത്ത് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമായി മാറ്റുന്നതിനുവേണ്ട സമീപനം ഈ സർക്കാർ സ്വീകരിക്കണം. വൈദ്യുതി കണക്ഷൻ കൊടുക്കുന്ന കാര്യത്തിൽ

ജനങ്ങൾക്ക് പരമാവധി സഹായം ചെയ്തുകൊടുക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ സ്വീകരിക്കണം. കെ.എസ്.ഇ.ബി. ലാഭത്തിൽ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പി ക്കാതെ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സമൂഹത്തിൽ ഏറ്റവും കൂടുതൽ അവശത അനുഭവിക്കുന്ന ജനസമൂഹത്തിന്റെ ഉന്നതിക്കാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നിരവധി സ്ഥാപനങ്ങളും സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ ഏറ്റവുമധികം പരിഗണന അർഹിക്കുന്ന സ്പെഷ്യൽ സ്ക്കൂൾ അദ്ധ്യാപകർക്കുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് സർക്കാർ ആലോചിച്ചുവരുന്നു. 163 ബ്ലോക്കുകളിലായി 25393 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഈ വർഷം 3132 അംഗൻവാടികൾ പുതിയതായി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രീ-പ്രൈമറി പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ കരിക്കുലം തയ്യാറാക്കുന്നതാണ്. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർ മാർക്കും ഏറ്റവും നല്ല പരിശീലനം നൽകിക്കൊണ്ട് കുട്ടികളുടെ മാനസിക വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്ത് 75 ടേക്ക് ഹോം റേഷൻ പദ്ധതികൾ ആരംഭിക്കാൻ പോകുകയാണ്. എല്ലാ പ്രോജക്ടുകളും കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടോടുകൂടി സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുകയാണ്. അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പി ക്കാനുള്ള നടപടി അവസാന ഘട്ടത്തിലാണ്. ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി ഇവ എല്ലാ ജില്ലകളിലും രൂപീകരിക്കുന്ന

താണ്. ചൈൽഡ് ഹെൽപ്പ്ലൈൻ ഏറ്റവും നന്നായി പ്രവർത്തിക്കാനാവശ്യമായ തീരുമാനം എടുത്തിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റ് പാസ്സാക്കിയ ബാല ഭിക്ഷാടനവും ബാലവേല നിരോധനവും നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. കേരളപ്പിറവിയുടെ 50–ാം വാർഷികം എന്ന നിലയിൽ ആലംബഹീനരായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകളേയും പുരുഷന്മാരേയും പുനരധിവസിപ്പിക്കുന്നതിന് 5 സ്ഥലങ്ങളിലായി പ്രധാനപ്പെട്ട പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യം ഭൂമി ലഭ്യമാകുന്ന സ്ഥലത്ത് ഇത് ആരംഭിക്കുന്നതിനും പിന്നീട് എല്ലാ ജില്ലകളിലും തുടങ്ങുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കും. വികലാംഗർക്ക് 1:1:1 എന്ന അനുപാതത്തിൽ ഉദ്യോഗ സംവരണം അതാത് സന്ദർഭത്തിൽ ലഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. വനിതാ വികസന വകുപ്പ് രൂപീകരിക്കുന്നതിനാവശ്യമായ പ്രാരംഭ ചർച്ച വൈകാതെ നടത്തുന്നതാണ്. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം നല്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു. കേരളത്തിൽ വയോജന നയം നടപ്പിലാക്കുന്നതിനുള്ള കരട് രേഖ അവസാന ഘട്ടത്തിലാണ്. വിധവകൾക്ക് പെൻഷൻ ലഭ്യമാക്കുന്ന തോടൊപ്പം അത് വർദ്ധിപ്പിക്കാനാവശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്. വനിതാ വികസന കോർപ്പറേഷൻ, കേരള വനിതാ കമ്മീഷൻ, ശിശുക്ഷേമ സമിതി തുടങ്ങിയ സ്ഥാപനങ്ങളെ നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്ന തിനാവശ്യമായ തീരുമാനമെടുത്തിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായം ലഭിക്കാൻ അർഹതയുള്ളവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയും പരിഗണനയും ഉണ്ടാകും. സാങ്കേതിക തടസ്സം നീക്കി ജുവനൈൽ ജസ്റ്റിസ് സ്റ്റേറ്റ് അഡ്വൈസറി ബോർഡ് എത്രയും വേഗം വിളിച്ചുകൂട്ടുന്നതിനുള്ള നടപടി

സ്വീകരിക്കും. ഐ.സി.ഡി.എസ്. ഉൾപ്പെടെ സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്ക് ആവശ്യ മായ തുക അനുവദിച്ചു കിട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്ന താണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ ബാലൻ): ബഡ്ജറ്റ് മുഖേന ലഭ്യമായ തുക സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട അധ:സ്ഥിത വിഭാഗത്തിന് സമയബന്ധിതമായി ലഭിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഭാഗത്തിന് ഭരണഘടനാപരമായി ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം വരുന്നു. പ്ലാൻ ഫണ്ട്, കോർപ്പസ് ഫണ്ട്, അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്, ഭരണഘടനാ വകുപ്പുപ്രകാരമുള്ള പ്രത്യേക സഹായം ഇവയെല്ലാം ലഭ്യമാകുന്നുണ്ടെങ്കിൽപ്പോലും അതൊന്നും പ്രോപ്പർ ആയി ഉപയോഗിക്കാൻ കഴിയുന്നില്ല എന്ന് എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ ലഭ്യമായ വിഹിതം സമയബന്ധിതമായി ഉപയോഗിക്കാനാണ് ശ്രമിക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനങ്ങൾ, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ, സെൻട്രൽ അസിസ്റ്റൻസ് മുഖേന ലഭിക്കുന്ന പദ്ധതികൾ ഇതെല്ലാം റിവ്യൂ ചെയ്യാൻ ആവശ്യമായ സംവിധാനമുണ്ടാക്കും. ഒരു തുണ്ടു ഭൂമിപോലുമില്ലാത്ത 22000 ആദിവാസി കുടുംബങ്ങൾക്ക് സമാധാനമായി കിടന്നുറങ്ങാനുള്ള സ്ഥലമെങ്കിലും കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. 7500 ഹെക്ടർ ഭൂമി കിട്ടിയെന്ന് പറയുന്നുണ്ടെങ്കിലും ആ കേസ് ഇപ്പോഴും സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ആദിവാസി പുനരധിവാസ പദ്ധതിപ്രകാരം ഭൂമി വിതരണം ചെയ്തിട്ടും വലിയ ഒരു വിഭാഗം ഇപ്പോഴും ഭൂമി കിട്ടാത്തവരായുണ്ട്. ഈ വിഭാഗത്തിന് ഭൂമി

ലഭ്യമാക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റേയും റവന്യൂ ഡിപ്പാർട്ടു മെന്റിന്റേയും സഹായം ആവശ്യമാണ്. റവന്യൂ വകുപ്പും വനംവകുപ്പും ജോയിന്റ് വെരിഫിക്കേഷൻ നടത്തി ഭൂമി ലഭ്യമാക്കി ഇവർക്ക് വിതരണം ചെയ്യണം. സുപ്രീം കോടതി വിധിയുടെ ഭാഗമായി സംസ്ഥാനത്തിന് കിട്ടാൻ പോകുന്ന 17000 ഏക്കർ ഭൂമി കൂടെ കിട്ടിയാൽ പ്രശ്നം ചെറിയ രീതിയിലെങ്കിലും പരിഹരിക്കാൻ കഴിയും. ഒരു സാഹചര്യത്തിലും ഭൂമി ഇല്ലാത്ത ആദിവാസികളെ അവരുടെ കിടപ്പാടങ്ങളിൽനിന്ന് മാറ്റാൻ ഈ ഗവൺമെന്റ് സമ്മതിക്കുകയില്ല. അതിന്റെ ഭാഗമായി .19500 സെറ്റിൽമെന്റ് കോളനികളിൽ പട്ടയം കൊടുക്കാൻ റവന്യൂ വകുപ്പുമന്ത്രി തീരുമാനിച്ചിട്ടുണ്ട്. 35000 ആദിവാസി കുടുംബങ്ങൾക്ക് വീടില്ല. എസ്.സി/എസ്.ടി. ഡിപ്പാർട്ടു മെന്റുകൾവഴിയും തദ്ദേശ ഭരണ സ്ഥാപനങ്ങൾവഴിയും 5 വർഷം കൊണ്ട് ആദിവാസി കുടുംബങ്ങൾക്ക് വീട് കൊടുക്കാൻ കഴിയും. 4050 സെറ്റിൽമെന്റ് കോളനികളിൽ പകുതിയിൽപ്പോലും വൈദ്യുതി ഇല്ല. ഈ വർഷം 500 കോളനികളിൽ വൈദ്യുതി കൊടുത്തിട്ടുണ്ട്. 16 കോടി രൂപ ചെലവിൽ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ഫണ്ട് ഉപയോഗപ്പെടുത്തി വയനാട്ടിലെ 10 പഞ്ചായത്തുകളിൽ ഗിരിധാരാ പദ്ധതി ഫലപ്രദമായി നടപ്പിലാ ക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇടുക്കിയിൽ ഗിരിധാരാ പദ്ധതി ഈ വർഷംതന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുക്കും. 40% പട്ടിക വർഗ്ഗ കോളനിയിൽ വെള്ളമില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം, അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്, ഡിപ്പാർട്ട്മെന്റ് പദ്ധതി വിഹിതം ഇവ ഉപയോഗപ്പെടുത്തി 5 വർഷത്തിനുള്ളിൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയു മെന്നാണ് ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗക്കാർക്ക് 108 പ്രീ-മെട്രിക്ക് ഹോസ്റ്റലു കളും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും ഉള്ളതിൽ 68 കെട്ടിടം സ്വന്തവും 40

എണ്ണം താൽക്കാലികവുമാണ്. എല്ലാ ഹോസ്റ്റലുകളും 5 വർഷംകൊണ്ട് നവീകരിക്കും. അതിന് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് 5 കോടി രൂപയും കോർപ്പസ് ഫണ്ടിൽനിന്ന് 2 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഇടമലയാറിലെ വനാന്തരത്തിലുള്ള 2 ട്രൈബൽ ഹോസ്റ്റലിന്റെ സ്ഥിതി ദയനീയമാണ്. അവിടെ കെ.എസ്.ഇ.ബി.യുടെ ഒഴിഞ്ഞുകിടക്കുന്ന 2 ക്വാർട്ടേഴ്സ് റിനോവേഷൻ നടത്തി ഹോസ്റ്റലിനുവേണ്ടി എടുത്തിട്ടുണ്ട്. നവംബർ 1–ന് അതിന്റെ ഉത്ഘാടനം നടത്തുകയാണ്. അട്ടപ്പാടിയിലെ ഷോളയൂരിൽ ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്നതാണ്. മൂന്നരക്കോടി രൂപ ചെലവിൽ 2000 കുടുംബങ്ങൾക്ക് തെരഞ്ഞെടുത്ത കോളനികളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി അനുബന്ധമായ തൊഴില വസരങ്ങൾ സൃഷ്ടിക്കുന്നതിന് ഒരു പദ്ധതി ട്രൈബൽ സബ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഈ വർഷം ആരംഭിക്കുന്നതാണ്. വയനാട്ടിൽ പൂട്ടിക്കിടക്കുന്ന പ്രിയദർശിനി തേയിലത്തോട്ടം തുറക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപടി സ്വീകരിക്കും. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വനം വകുപ്പിന്റേയും പട്ടികവർഗ്ഗ വകുപ്പിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു ക്ഷേമ പദ്ധതി നടപ്പി ലാക്കും. പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ തകർച്ചയിലാണ്. തൊഴില വസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഈ സംഘങ്ങൾ പുനരുജ്ജീവിപ്പി ക്കുന്നതിന് 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യം, തനതുകല, ജീവിതരീതി, ആചാരങ്ങൾ എന്നിവയെക്കുറിച്ചുള്ള പ്രദർശ നങ്ങൾ, ഉല്പന്ന വിപണനം എന്നിവയ്ക്ക് എറണാകുളത്ത് 2.5 കോടി രൂപ ചെലവിൽ ഒരു ട്രൈബൽ കോംപ്ലക്സ് ഈ വർഷം സ്ഥാപിക്കുന്നതാണ്. പ്രിമിറ്റീവ് ആദിവാസികൾക്ക് 100 ശതമാനം കേന്ദ്ര ഗവൺമെന്റിന്റെ സഹായ

ത്തോടുകൂടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചു കഴിഞ്ഞുവെങ്കിലും എല്ലാ ആദിവാസി കുടുംബങ്ങൾക്കും ലഭ്യമാകുന്ന തരത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്. പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ പ്രീ മെട്രിക് തലത്തിലും പോസ്റ്റ് മെട്രിക് തലത്തിലുമായി 2006 മാർച്ച് വരെ കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തതിനുപുറമേ നാല് മാസത്തെ അഡ്വാൻസും നല്കിയിട്ടുണ്ട്. പ്രീ മെട്രിക് ഹോസ്റ്റലിന്റെ മെസ് ചാർജ് 500 രൂപയിൽനിന്നും 700 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി–പട്ടികവർഗ്ഗ ഒ.ഇ.സി. കുട്ടികൾക്ക് എല്ലാ കോഴ്സുകൾക്കും മാനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസ് കൊടുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വാർഷിക വരുമാനം കുറഞ്ഞ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ ചേരുമ്പോൾ പഠനോപകരണങ്ങളും വസ്ത്രങ്ങളും വാങ്ങുന്നതിന് 5000 രൂപ കൊടുക്കും. എസ്.എസ്. എൽ.സി.–ക്ക് എല്ലാ വിഷയങ്ങൾക്കും 'എ പ്ലസ്' ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വർണ്ണ പതക്കവും 100 ശതമാനം പാസ്സാകുന്ന എം.ആർ. സ്ക്കൂളുകൾക്ക് പ്രത്യേക ട്രോഫിയും പാരിതോഷികവും നൽകുന്നതാണ്. എൻട്രൻസ് എക്സാമിനേഷന് പ്രവേശനം ലഭിക്കുന്നതിന് 40 ശതമാനം മാർക്ക് ലഭിക്കണമെന്ന് മെഡിക്കൽ കൗൺസിലിന്റെ നിബന്ധനയുള്ളതിനാൽ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ് കൊടുക്കുന്നതാണ്. 18 എം.ആർ.എസ്. (മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ) ഉള്ളതിൽ 4 എണ്ണത്തിന്റെ ഒന്നാം ഘട്ടവും 6 എണ്ണത്തിന്റെ രണ്ടാം ഘട്ടവും ഈ വർഷം പൂർത്തിയാക്കുന്നതാണ്. 3 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തന

ങ്ങൾ ഈ വർഷം ആരംഭിക്കുന്നതാണ്. ഹോസ്റ്റൽ ചാർജ്ജ് അടുത്തവർഷം മുതൽ കാലോചിതമായി വർദ്ധിപ്പിക്കും. കോട്ടയത്ത് ട്രൈബൽ വിദ്യാർത്ഥി കൾക്കുവേണ്ടി ഒരു കോടി രൂപ ചെലവ് വരുന്ന ഒരു നഴ്സിംഗ് കോളേജ് കെട്ടിടം കോർപ്പസ് ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിക്കുന്നതാണ്. പട്ടിക ജാതിയിൽപ്പെട്ട വീടും സ്ഥലവും ഇല്ലാത്ത ഒരു ലക്ഷം കുടുംബങ്ങൾക്ക് ഓരോ വർഷവും സമയബന്ധിതമായി പദ്ധതികൾ ആവിഷ്ക്കരിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതാണ്. മുൻ ഗവൺമെന്റ് 5000 വീടുകൾ അനുവദിച്ചുവെങ്കിലും 3 വീടുകൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞി ട്ടുള്ളു, ഇപ്പോൾ ഇതുൾപ്പെടെ ഈ വർഷം 15,000 വീടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കോർപ്പസ് ഫണ്ട് ലാപ്സാകാത്ത രൂപത്തിൽ ഈ പദ്ധതിയിലൂടെ അത് പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. വീടുവയ്ക്കാൻ ഭൂമിയില്ലാത്തവർക്കുവേണ്ടി 5 കോടി രൂപ നീക്കിവച്ചിട്ടുള്ളതിനാൽ 2000 കുടുംബങ്ങൾക്ക് ഈ ഇനത്തിൽ ആനുകൂല്യം നല്കാൻ കഴിയുന്നതാണ്. കോർപ്പറേഷനിൽ ഒന്നര സെന്റിന് 30,000 രൂപ, മുനിസിപ്പാലിറ്റിയിൽ 3 സെന്റിന് 27,500 രൂപ, പഞ്ചായത്തിൽ മിനിമം 5 സെന്റിന് 25,000 രൂപ എന്നീ നിരക്കിൽ തുക വിതരണം ചെയ്യുന്നതാണ്. വൈദ്യുതി കണക്ഷൻ ലഭിക്കാത്ത കോർപ്പസ് ഫണ്ടും ആർ.ജി.ജി.വി.വൈ. ഫണ്ടും ഉപയോഗപ്പെടുത്തി എല്ലാ പട്ടികജാതി–പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി കണക്ഷൻ നല്കുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗ ത്തിന് സൗജന്യമായി വൈദ്യുതി കണക്ഷൻ നല്കുന്നതിനുമായി ഈ വർഷം 5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ വർഷം 32 ഹോസ്റ്റലുകൾ നവീകരി ക്കുന്നതിനും 5 ഹോസ്റ്റൽ കെട്ടിടങ്ങൾ പുതിയതായി നിർമ്മിക്കുന്നതിനും ഒരു കോടി ഇരുപത് ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള

എസ്.സി. വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിക്ക് ബാങ്ക് വായ്പ സബ്സിഡിയോടുകൂടി ലഭ്യമാക്കുന്നതാണ്. എസ്.സി., ഒ.ഇ.സി., ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും, മുൻ ഗവൺമെന്റിന്റെ കാലത്തുള്ള കുടിശ്ശികയിൽ പകുതിയും കൊടുത്തുതീർത്തിട്ടുണ്ട്. കുമാര പിള്ള കമ്മീഷനിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യത്തിൽ ഭീമമായ കുടിശ്ശികയുള്ളതിൽ പകുതിയും ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുത്തുതീർക്കുകയും 4 മാസത്തെ തുക അഡ്വാൻസായി നല്കുകയും ചെയ്തു. പ്രവേശന പരീക്ഷാ പരിശീലന പദ്ധതി നടപ്പിലാക്കുന്നതാണ്. ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ, ഐ.ടി. എന്നീ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള പരിശീലനത്തിന് ഒരു തവണ ധനസഹായം നല്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം എസ്.എസ്.എൽ.സി.–ക്ക് എല്ലാ വിഷയങ്ങൾക്കും 'എ പ്ലസ്' ലഭിച്ച 29 എസ്.സി. വിദ്യാർത്ഥികൾക്കും 2 എസ്.ടി. വിദ്യാർത്ഥികൾക്കും പ്ലസ് ടൂവിനും വി.എച്ച്.എസ്. കോഴ്സിനും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച 17 എസ്.സി, 9 എസ്.ടി വിദ്യാർത്ഥികൾക്കും അര പവൻ വീതം സ്വർണ്ണ പതക്കം നല്കിയിട്ടുണ്ട്. 106 സ്പോർട്ട്സ് താരങ്ങളെ ആദരിക്കുകയുണ്ടായി. സംസ്ഥാന തലത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച കുട്ടിക്ക് അര പവൻ സ്വർണ്ണ പതക്കവും 5,000 രൂപ ക്യാഷ് അവാർഡും നല്കിയിട്ടുണ്ട്. അടുത്ത വർഷം മുതൽ ഈ കായിക പ്രതിഭകൾക്ക് 5 പവനും 10,000 രൂപയും നല്കാനുള്ള പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. അയ്യങ്കാളി സ്പോർട്ട്സ് സ്ക്കൂളിൽ പ്ലസ് ടൂ കോഴ്സുകൾ ഇല്ലാത്ത സാഹചര്യത്തിൽ അടുത്ത വർഷം മുതൽ പ്ലസ് വൺ, പ്ലസ് ടൂ കോഴ്സുകൾ ആരംഭിക്കുന്നതാണ്. ലാറ്ററൽ അഡ്മിഷൻ കിട്ടി എഞ്ചിനീയറിംഗിന്

പഠിക്കുന്ന കുട്ടികൾക്ക് ഫീസ് സൗജന്യം നല്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യം ലഭിക്കുന്നതാണ്. കെട്ടിടം ഇല്ലാത്ത എം.ആർ.എസ്.-കളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 8 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ചികിത്സാ ധനസഹായം നല്കുന്നതിന് ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും മുൻ ഗവൺമെന്റിന്റെ കാലത്തെ കുടിശ്ശിക കൊടുത്തു കഴിയുമ്പോൾ ഫണ്ടിന്റെ അപര്യാപ്തത ഉണ്ടാകുമെന്നതുകൊണ്ട് ഒരു കോടി രൂപ കൂടി അനുവദിക്കണം. മിശ്രവിവാഹിതർക്ക് 20,000 രൂപ വീതം 500 പേർക്ക് വിവാഹ ധനസഹായവും 20,000 രൂപ വീതം തൊഴിൽ ധനസഹായവും നല്കുന്നതാണ്. മാതാപിതാക്കളിൽ ആരെങ്കിലും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ആയിരുന്നാൽ ആനുകൂല്യത്തിന് അർഹരാണെന്ന ഓർഡിനൻസിന് അംഗീകാരം ലഭിച്ചാലുടൻ ബിൽ നിയമസഭയിൽ കൊണ്ടുവരുന്നതാണ്. അതിക്രമത്തിനിരയായി മരണപ്പെടുകയോ ജോലി ചെയ്യാനുള്ള ശേഷി നഷ്ടപ്പെടുകയോ ചെയ്ത വ്യക്തിയുടെ ആശ്രിതർക്ക് 2 ലക്ഷം രൂപ നല്കുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിൽ സിവിൽ സർവ്വീസ് കോച്ചിംഗ്, ദളിത് മ്യൂസിയം, ആർട്ട് ഗ്യാലറി, പഠന കേന്ദ്രം, ഓഡിറ്റോറിയം എന്നിവ ഉൾക്കൊള്ളുന്ന അംബേദ്കർ ഭവൻ എന്ന കെട്ടിട സമുച്ചയത്തിന് 4 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയങ്ങളിലെ മികച്ച റിപ്പോർട്ടിംഗിന് 30,000 രൂപയും ദൃശ്യ-മാധ്യമങ്ങൾക്ക് 20,000 രൂപയും മികച്ച റേഡിയോ പ്രോഗ്രാമിന് 10,000 രൂപയും അവാർഡ് നല്കുന്നതാണ്. എസ്.സി/എസ്.ടി.

കോർപ്പറേഷന്റെയും പരിവർത്തിത ക്രൈസ്തവ ശുപാർശിത കോർപ്പറേഷന്റെയും പിന്നോക്ക വിഭാഗ കോർപ്പറേഷന്റെയും പ്രവർത്തനങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പണ്ടാര സമുദായത്തെ ഒ.ബി.സി. ലിസ്റ്റിലും മഹേന്ദ്രമോഹന വിഭാഗത്തെ ഒ.ഇ.സി. ലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മുന്നോക്കവിഭാഗങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ളവർക്ക് കുമാരപിള്ള കമ്മീഷന്റെ ആനുകൂല്യം കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് വരുമാന പരിധി പുന:പരിശോധിക്കുന്നതാണ്. ഈ വർഷം നടന്നിട്ടുള്ള സാമൂഹ്യപക്ഷാചരണം വളരെ ഗുണഫലങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇലക്ട്രിസിറ്റിയെ സംബന്ധിച്ചിടത്തോളം 2003-ലെ ആക്ട് ഫെഡറൽ സിസ്റ്റത്തിന് എതിരായതിനാൽ പുന:പരിശോധിക്കേണ്ടതുണ്ട്. വൈദ്യുതി ബോർഡിനെ വിഭജിക്കുന്നത് മാറ്റിവയ്ക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. ഇതിന് സംസ്ഥാനത്തെ എം.പി.മാരുടെ സഹായം തേടിയിട്ടുണ്ട്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഇക്കാര്യത്തിൽ നിസ്സീമമായ സഹകരണമുണ്ടാകണം. 2003-ലെ വൈദ്യുതി നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ് വൈദ്യുതി വിതരണം സംബന്ധിച്ച ചട്ടങ്ങളും നിബന്ധനകളും റഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ളത്. കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കൾക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന പല ആനുകൂല്യങ്ങളും ഇതുമൂലം ഇല്ലാതാകുന്നതാണ്. 2006 ഡിസംബർ മാസത്തോടുകൂടി യഥാർത്ഥ കെ.എസ്.ഇ.ബി. ഇല്ലാതാകും. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ആനുവൽ സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സിലെ പ്രൊവിഷണൽ കണക്കു പ്രകാരം കേരളാ ഗവണ്മെന്റ് കെ.എസ്.ഇ.ബി.ക്ക് 4485.35 കോടി രൂപ സബ്സിഡിയായി കൊടുക്കാനുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.യുടെ

സർപ്ളസ് 593 കോടി രൂപയാണ്. യഥാർത്ഥത്തിൽ സംസ്ഥാനത്തിന് സഞ്ചിത നഷ്ടമാണ് ഉണ്ടാകുന്നത്. ഡാമിൽ ആവശ്യത്തിന് വെള്ളമുള്ളതുകൊണ്ടും നല്ല രൂപത്തിലുള്ള താരിഫ് ഉണ്ടായിരുന്നതുകൊണ്ടും കടമെടുത്ത തുകയ്ക്ക് കൊടുക്കേണ്ടിവന്ന പലിശയിൽ കുറവുവന്നതുകൊണ്ടുമാണ് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് റവന്യൂ ഗ്യാപ് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞത്. 2001–02–ൽ കേരളത്തിന്റെ വൈദ്യുതി ഉപഭോഗം 12773 മില്യൻ യൂണിറ്റായിരുന്നു. എന്നാൽ വ്യാവസായിക മേഖലയിലുണ്ടായ തകർച്ച കാരണം 2002–03–ൽ ഉപഭോഗം കുറഞ്ഞുവെങ്കിലും കഴിഞ്ഞ വർഷം ഇതേ സമയം ദിനംപ്രതിയുള്ള ഉപഭോഗം 35 മില്യൻ യൂണിറ്റായിരുന്നത് ഇപ്പോൾ ഒരു ദിവസം 42 മില്യൻ യൂണിറ്റിലേയ്ക്ക് കടന്നിരിക്കുകയാണ്. ഇതിനു കാരണം വ്യവസായ സ്ഥാപനങ്ങൾ, ഗാർഹിക സ്ഥാപനങ്ങൾ എന്നിവ കൂടുതൽ കറണ്ട് ഉപയോഗിക്കാൻ തുടങ്ങി എന്നുള്ളതാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പുതുതായി ഒരു സിവിൽ വർക്കും എടുക്കാൻ പറ്റാത്ത രീതിയിലുള്ള ഒരു സർക്കുലർ ഇറങ്ങിയതിന്റെ ഫലമായി ഉദ്ദേശിച്ച രൂപത്തിൽ ജനറേഷൻ മുന്നോട്ടുപോയില്ല. ഈ ഗവണ്മെന്റ് വന്നതിനുശേഷം കെ.എസ്.ഇ.ബി.യിൽ 4000 ജീവനക്കാർക്ക് പ്രൊമോഷൻ കൊടുക്കുകയും 1500–ഓളം പേരെ പുതുതായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു.. ഇപ്പോൾ വൈദ്യുതി ബോർഡിന് 82 ലക്ഷം ഉപഭോക്താക്കളുണ്ട്. അത് ഒരു കോടിയിലേയ്ക്ക് കടക്കാൻ പോകുകയാണ്. ആയിരം മെഗാവാട്ട് വൈദ്യുതി കൂടുതൽ ഉൽപാദിപ്പിക്കാൻ കഴിഞ്ഞാലേ കേരളത്തെ രക്ഷിക്കാൻ കഴിയൂ. പുതിയ വ്യവസായ സ്ഥാപനങ്ങളും കൊമേഴ്സ്യൽ സ്ഥാപനങ്ങളും വേണം. പുതിയ ഉപഭോക്താക്കൾക്ക് കറണ്ട് കൊടുക്കാൻ കഴിയണം. അതിലേയ്ക്കായി ലഭ്യമായിട്ടുള്ള വെള്ളം പരമാവധി ഉപയോഗപ്പെടുത്തണം എന്ന

ലക്ഷ്യം വച്ചുകൊണ്ട് 36 പദ്ധതികൾ ഇപ്പോൾ പ്രയോറിറ്റിയിൽ എടുത്തിട്ടുണ്ട്. ട്രാൻസ്മിഷൻ രംഗത്തും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. എമർജൻസി വന്നാൽ അന്യ സംസ്ഥാനങ്ങളിൽനിന്നും ഇങ്ങോട്ട് കറണ്ട് കിട്ടാനും ഇവിടെ എക്സസ് ആയി കറണ്ടുണ്ടായാൽ അത് പുറത്തുകൊണ്ടുപോകാനും കപ്പാസിറ്റിയുള്ള ലൈൻ വേണം. വിതരണ മേഖലയിലേയ്ക്ക് 2006–07–ൽ 5 ലക്ഷം സർവ്വീസ് കണക്ഷനുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 50,000 പേർക്ക് സൗജന്യ കണക്ഷൻ നൽകാനും 6000 കി.മീ. 11 കെ.വി. ലൈനും 17,000 കി.മീ. ലോ ടെൻഷൻ ലൈനും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. 4 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കും. 8500 പുതിയ ട്രാൻസ്ഫോർമറുകളും 30,000 പുതിയ തെരുവ് വിളക്കുകളും സ്ഥാപിക്കും. ഹൈ ടെൻഷൻ, ലോ ടെൻഷൻ അനുപാതം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനത്ത് എല്ലാ പട്ടണങ്ങളിലും എ.പി.ഡി.ആർ.പി. നടപ്പിലാക്കി വരികയാണ്. ഈ സാമ്പത്തിക വർഷം 175 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വൈദ്യുതി മോഷണം തടയുന്നതിന് കർശന നടപടി സ്വീകരിക്കും. ഉപഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഗ്രാമപ്രദേശ ങ്ങളിൽ കൂടുതൽ ഓഫീസുകൾ സ്ഥാപിക്കും. അതിന്റെ ഭാഗമായി നാദാപുരം, ആലത്തൂർ, മാനന്തവാടി എന്നിവിടങ്ങളിൽ പുതിയ ഡിവിഷ നുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് സൗജന്യമായി കണക്ഷൻ നൽകുന്നതിനുവേണ്ടി 20 കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതി നടപ്പാക്കും. പ്രസരണ രംഗത്ത് 60–ഓളം പുതിയ സബ്സ്റ്റേഷനുകളുടെ പണി ആരംഭിക്കും. അതിൽ 40 എണ്ണം ഉടൻ പൂർത്തീകരിക്കും. 39 കി.മീ. 220

കെ.വി. ലൈനും 148 കി.മീ. 110 കെ.വി. ലൈനും 26 കി.മീ. 66 കെ.വി. ലൈനും നിർമ്മിക്കും. തിരുനെൽവേലി, എറണാകുളം, പള്ളിക്കര 400 കെ.വി. ലൈൻ നിർമ്മിക്കും. മൈസൂർ, അരുവിക്കോട് 400 കെ.വി. ലൈനിന്റെ പണി ഉടൻ പൂർത്തീകരിക്കും. ഹൈഡൽ ടൂറിസത്തിന്റെ വിപുലീകരണത്തിന്റെ ഭാഗമായി മലബാർ സർക്യൂട്ടിന്റെ ഉൽഘാടനം 24–9–2006–ൽ വയനാട്ടിലെ ബാണാസുരസാഗറിൽവച്ചു നടന്നു.  ഒരു സ്പീഡ് ബോട്ടും ഒരു പെഡൽ ബോട്ടും അവിടെ കൊടുത്തു.  തിരുവനന്തപുരം ജില്ലയിലെ മീൻമുട്ടിയിലും ഇടുക്കി, ആനയിറങ്കൽ എന്നിവിടങ്ങളിലും ഹൈഡൽ ടൂറിസം യൂണിറ്റിന്റെ ഉൽഘാടനം നടക്കാൻ പോകുകയാണ്. കോഴിക്കോട് ജില്ലയിലെ കക്കയം ടൂറിസം സങ്കേതവും ഈ നടപ്പുവർഷം ആരംഭിക്കും. ഇവിടെയെല്ലാം സ്പീഡ് ബോട്ടും പെഡൽ ബോട്ടും കൊടുക്കും. കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ മൂന്നാർ, മാട്ടുപ്പെട്ടി, ബാണാസുരസാഗർ എന്നിവിടങ്ങളിൽ താമസ സൗകര്യങ്ങളും ജലവിനോദവും ഏർപ്പെടുത്തും.  കഴിഞ്ഞവർഷം പാരമ്പര്യേതര ഊർജ്ജ മേഖലയിൽ 9 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. ഈ വർഷം നിരവധി പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കാൻ പോകുകയാണ്. 25,000 പട്ടികജാതി/പട്ടികവർഗ്ഗ ഭവനങ്ങളിൽ സൗജന്യമായി മെച്ചപ്പെട്ട വിറക് അടുപ്പുകളും പൊതുവിഭാഗത്തിൽപ്പെട്ട 10,000 പേർക്ക് സബ്സിഡിയോടു കൂടി മെച്ചപ്പെട്ട വിറക് അടുപ്പുകളും കൊടുക്കും. കേരള പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ 9 ശതമാനം നിരക്കിലാണ് ലോൺ കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. മലബാർ ക്യാൻസർ സെന്ററിന് 110 കോടി രൂപയുടെ പദ്ധതിയാണ് ആവിഷ്കരിക്കാൻ തീരുമാനിച്ചിരിക്കുന്നത്. വൈദ്യുതപദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്

പ്രതിപക്ഷത്തിന്റെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ മുൻ ഗവണ്മെന്റ് തുടങ്ങിവച്ച എല്ലാ നല്ല കാര്യങ്ങളേയും ഒരിക്കൽക്കൂടി എടുത്തുപറയുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും 28–നെതിരെ 67 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.19–ന് പിരിഞ്ഞു.